# LAITY VOICE

ക്രൈസ്തവ ജനതയുടെ മുഖപത്രം

2017 MARCH | Volume: 7 | No: 9





# "അങ്ങ് മറഞ്ഞിരിക്കുന്നതെവിടെയാണ്?"

ഫാ.ടോം, അങ്ങെവിടെ മറഞ്ഞിരിക്കുന്നു? ലോകത്തിന്റെ വിവിധ കോണുകളിൽ നിന്ന് ജനകോടികളുടെ അന്തരാത്മാവിൽ നിന്നുയരുന്ന ഉയർത്തുന്ന ചോദ്യം കഴിഞ്ഞ ഒരു വർഷമായി മുഴങ്ങിക്കേൾക്കുന്നു. അവ്യക്തതകൾക്കിടയിലൂടെ ഒരു ഉത്തരം കിട്ടാതെ സഹായിക്കാനാരുമില്ലാത്ത നിസ്സഹായതയിൽ ഇരുട്ടിൽത്തപ്പുകയാണ് നാമിന്നും.

2016 മാർച്ച് നാലിന് യമനിലെ ഏഡനിൽ മിഷനറീസ് ഓഫ് ചാരിറ്റീസിന്റെ രോഗികളും വൃദ്ധരുമായവരുടെ അഭയകേന്ദ്രമായ കാരുണ്യഭവനിലെ ഭീകരതാണ്ഡവത്തിൽ സന്യാസിനുമാരുൾപ്പെടെ 16 പേർ അതിദാരുണമായി കൊലചെയ്യപ്പെടുകയും അവരോടൊപ്പമുണ്ടായിരുന്ന ഫാ.ടോം ഉഴുന്നാലിൽ അക്രമികളുടെ പിടിയിലകപ്പെടുകയും ചെയ്തു. ഒരു വർഷം പിന്നിട്ടിട്ടും ഈ അക്രമത്തിനു പിന്നിൽ ആരെന്നോ, ഭീകരരുടെ ലക്ഷ്യമെന്തെന്നോ വ്യക്തതയില്ല. ഫാ.ടോം എവിടെയെന്നോ, അദ്ദേഹം ജീവിച്ചിരിപ്പുണ്ടോയെന്നോ ഊഹാപോഹങ്ങൾക്കപ്പുറം തെളിവുകളുമില്ല.

2016 ഡിസംബർ 26ന് ക്രിസ്മസ് പിറ്റേന്നിറങ്ങിയ വീഡിയോ ക്ലിപ്പിങ്ങിനപ്പുറം നമ്മുടെ സംശയങ്ങൾക്കും ശമനമുണ്ടായിട്ടില്ല. ഈ വീഡിയോയുടെ ആധികാരികതയും ക്രിസ്മസ് പിറ്റേന്ന് ഇത് പുറത്തിറക്കിയതിന്റെ പിന്നിലുള്ള ഗൂഢലക്ഷ്യവും കൂട്ടിവായിക്കുമ്പോൾ ഇതിന്റെ പിന്നിലുള്ള നിഗൂഢ അജണ്ടകളും ഉള്ളുകള്ളികളും പുറത്തുവരുന്നു. ഫാ.ടോമിനെ വലിച്ചിഴച്ച് കൊല്ലാതെ പിടിച്ചുകൊണ്ടുപോയവർക്ക് മോചനദ്രവ്യത്തിനുവേണ്ടിയുള്ള വിലപേശൽ മാത്രമായിരുന്നോ ലക്ഷ്യമെന്നുള്ളത് സംശയമുണർത്തുന്നു. ലോകം മുഴുവൻ വ്യാപിച്ച് വളർന്നുപന്തലിച്ചിരിക്കുന്ന, അനേകായിരങ്ങൾക്ക് ആശ്രയവും അഭയവും സംരക്ഷണവും പ്രത്യാശയുമേകുന്ന ക്രൈസ്തവ ശുശ്രൂഷകളെ വെല്ലുവിളിക്കുന്ന മതതീവ്രവാദഭീകര അജണ്ട മറനീക്കി പുറത്തുവന്നതിന്റെ ബലിയാടായി ഫാ.ടോം മാറിയിരിക്കുന്നുവോ? ക്രിസ്തുവിനുവേണ്ടി ജീവിതം ഹോമിക്കപ്പെട്ട ലക്ഷോപലക്ഷം വിശുദ്ധരുടെ ഗണത്തിലേയ്ക്കുയർന്ന് ജീവിക്കുന്ന വിശുദ്ധനായി അദ്ദേഹം നമ്മുടെ ഹൃദയത്തിൽ ഇന്നു കത്തിജ്വലിക്കുന്നു. രണ്ടായിരത്തിലേറെ വർഷങ്ങൾക്കുമുമ്പ് ഗാഗുൽത്താമലയിൽ രക്തം ചിന്തി പിടഞ്ഞുമരിച്ച ക്രിസ്തുവിന്റെ ചൈതന്യത്തിൽ നിറഞ്ഞുനിൽക്കുന്നതാണ് ക്രൈസ്തവ സഭ. രക്തസാക്ഷികളുടെ ചുടുനിണത്തിൽ പരിപോഷിപ്പിക്കപ്പെട്ട സഭയ്ക്ക് പ്രതിസന്ധികളും പ്രതിബന്ധങ്ങളും പുത്തരിയല്ല. വിശ്വാസത്തെപ്രതിയുള്ള പീഡനങ്ങൾക്കുമുമ്പിൽ തളരുന്നവരല്ല ക്രൈസ്തവസമൂഹം. ലോകമെങ്ങുംപോയി സുവിശേഷം പ്രഘോഷിച്ച് ക്രൈസ്തവസാക്ഷ്യമാകാൻ ആഹ്വാനം ചെയ്ത ക്രിസ്തുവിന്റെ വാക്കുകളെ നെഞ്ചോടുചേർത്തുവെച്ച് സ്വന്തം ജീവിതംകൊണ്ട് വചനം പങ്കുവെയ്ക്കുകയായിരുന്നു ഫാ.ടോം.

പ്രശ്നകലുഷിതവും സങ്കീർണ്ണവുമായ ജീവിതസാഹചര്യങ്ങളിലൂടെ കടന്നുചെന്ന് ജീവിക്കുന്ന ഇടങ്ങളിലെല്ലാ അന്ധകാരശക്തികളെ തുടച്ചുനീക്കി വെളിച്ചം വിതറി ആത്മീയചൈതന്യം പകർന്നേകുന്ന മിഷനറിമാർക്ക് അജ്ഞാതകേന്ദ്രങ്ങളിൽ ഭീകരവാദികളുടെ കൈകളിൽ കിടന്ന് വെല്ലുവിളികളെ അതിജീവിക്കുവാനുള്ള ശക്തിപകർന്നേകുകയാണ് ഈ ജീവിക്കുന്ന രക്തസാക്ഷി. സ്വതസിദ്ധമായ സ്നേഹശീലവും വിശ്വാസതീക്ഷ്ണതയും കൊണ്ട് ഭീകരവാദികളേയും, നിഷ്ഠൂരരായ അക്രമികളെയും പോലും മാനസാന്തരത്തിലേയ്ക്ക് നയിക്കാൻ അദ്ദേഹത്തിനു കഴിയുമെന്ന് നമുക്കുറച്ചു വിശ്വസിക്കാം.

ക്രിസ്തുവിനെപ്രതി പീഡകൾ സഹിക്കുന്ന വിശുദ്ധനായ ആ വൈദികനുവേണ്ടി ഉള്ളുരുകി നമുക്ക് പ്രാർത്ഥിക്കാം. അജ്ഞാതകേന്ദ്രത്തിലെ പീഢനത്തിന്റെ നാളുകൾ ഒരു വർഷം പിന്നിടുമ്പോൾ ഈ നോമ്പിന്റെ നാളുകളിൽ നമ്മുടെ ഹൃദയങ്ങളുരുകുമ്പോൾ ദുഃഖവെള്ളിക്കുശേഷമുള്ള ഉയർപ്പിന്റെ ദിനത്തിൽ പ്രതീക്ഷകളുടെ വാക്കുകൾ നമുക്കു ശ്രവിക്കാനായി ഒരുങ്ങാം.

## എഡിറ്റോറിയൽ

**പശ്ചിമഘട്ട പരിസ്ഥിതിലോലവിഷയത്തിൽ അന്തിമവിജ്ഞാപനമിറക്കണമെന്ന് മുറവിളികൂട്ടിയിട്ട് കാര്യമില്ല. എങ്ങനെയുള്ളതായിരിക്കണം അന്തിമവിജ്ഞാപനമെന്ന് വ്യക്തമാക്കണം. ജനവാസകേന്ദ്രങ്ങളും കൃഷിയിടങ്ങളും തോട്ടങ്ങളും ഒഴിവാക്കിയതുകൊണ്ടുമാത്രം ഇഎസ്എ ഇല്ലാതാകുന്നില്ല. നിലവിലുള്ള കരടുവിജ്ഞാപനം അന്തിമവിജ്ഞാപനമായിട്ടിറക്കുകയെന്നുപറഞ്ഞാൽ കേരളത്തിലെ 123 വില്ലേജുകളും പരിസ്ഥിതിലോലമാകുമെന്നുള്ളത് മനസിലാക്കണമെങ്കിൽ രാഷ്ട്രീയ നേതൃത്വങ്ങളും ജനപ്രതിനിധികളും ആദ്യമേ ഇഎസ്എ നിയമങ്ങളും തത്വങ്ങളും പഠിക്കണം. ഇതിനോടകം കേന്ദ്രസർക്കാർ പരിസ്ഥിതിലോലമായി പ്രഖ്യാപിച്ച പ്രദേശങ്ങൾ സന്ദർശിക്കണം. അവിടങ്ങളിലിപ്പോൾ ജനങ്ങൾ ജീവിക്കുന്നുണ്ടോയെന്ന് അന്വേഷിക്കണം.**



# പശ്ചിമഘട്ടത്തെ പരിസ്ഥിതിലോലമാക്കിയവർ ഇന്ന് സംരക്ഷകരുടെ മേലങ്കിയണിയുന്നുവോ?

പശ്ചിമഘട്ടജനത ലജ്ജിച്ചു തലതാഴ്ത്തുന്നു. ഇന്നലെവരെ ഇന്ത്യാ മഹാരാജ്യത്തിന്റെ അധികാരകസേരകളിൽ സസുഖം വാണിരുന്നവർ. യുപിഎ ഭരണസംവിധാനത്തിന്റെയും കോൺഗ്രസ്നേതൃത്വത്തിന്റെയും രണ്ടാമൻ. ക്ഷമിക്കണം, പശ്ചിമഘട്ട പരിസ്ഥിതിലോലവിഷയത്തിൽ ഇക്കൂട്ടരുടെ ആദർശരാഷ്ട്രീയത്തിന്റെ പൊയ്മുഖം വലിച്ചുകീറാതെ ഞങ്ങൾക്ക് നിവൃത്തിയില്ല. ഇവരുടെ കർഷകസ്നേഹത്തിന്റെ കാപഠ്യം തുറന്നുകാട്ടുവാൻ ഞങ്ങൾ നിർബന്ധിതരാകുന്നു. പശ്ചിമഘട്ടജനതയുടെ സംരക്ഷണത്തിനായി ഡൽഹി ജന്തർമന്തറിൽ കോൺഗ്രസ് സംഘടിപ്പിച്ച കർഷകറാലിയിൽ മുൻ കേന്ദ്രമന്ത്രി എ.കെ.ആന്റണി പങ്കുവെച്ച വാക്കുകൾ 2017 മാർച്ച് മൂന്നിന് ദീപിക ദിനപത്രത്തിൽ അച്ചടിച്ചുവന്നത് അതേപടി ഞങ്ങൾ ഇവിടെ ആവർത്തിക്കുന്നു:

*"സംസ്ഥാന സർക്കാർ തയ്യാറാക്കി കേന്ദ്രത്തിനു നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ജനവാസകേന്ദ്രങ്ങളെയും കൃഷിയിടങ്ങളേയുമെല്ലാം ഒഴിവാക്കി 123 വില്ലേജുകളിലെ കൃഷിക്കാരുടെ താല്പര്യം പൂർണ്ണമായും സംരക്ഷിക്കുന്ന അന്തിമവിജ്ഞാപനം എത്രയുംവേഗം ഇറക്കാൻ കേന്ദ്രം തയ്യാറാകണം. ഇതുകൊണ്ടു മാത്രമേ മലയോര കർഷകരുടെ ആശങ്കകൾ പരിഹരിക്കപ്പെടുകയുള്ളൂ. കർഷകർക്ക് തങ്ങളുടെ കൈവശമുള്ള ഭൂമി ഇഷ്ടം പോലെ ഉപയോഗിക്കാനുള്ള അവകാശമുണ്ടാകണം. അതു സാധിക്കണമെങ്കിൽ അന്തിമവിജ്ഞാപനമുണ്ടാകണം. ഇത് ഇനിയും നീട്ടിക്കൊണ്ടുപോകാൻ സാധ്യമല്ലെന്നും സർക്കാരിനെകൊണ്ട് അന്തിമവിജ്ഞാപനം പുറപ്പെടുവിക്കാനുള്ള ശ്രമങ്ങൾ ശക്തമായി തുടരുമെന്നും ആന്റണി പറഞ്ഞു. കേന്ദ്രസർക്കാരിനെക്കൊണ്ട് അന്തിമവിജ്ഞാപനം പുറപ്പെടുവിക്കുന്നതുവരെ കോൺഗ്രസ് മലയോരമേഖലയിലെ കർഷകർക്കൊപ്പം ഉണ്ടാകുമെന്നും ആന്റണി പറഞ്ഞു.*

*കേരളത്തിലെ 123 മലയോരഗ്രാമങ്ങളിൽ ജീവിക്കുന്ന പതിനായിരക്കണക്കിന് മലയോര കർഷകരുടെ ആശങ്ക പരിഹരിക്കാൻ യുഡിഎഫ് സർക്കാരും കെപിസിസിയും ശക്തമായ നിലപാട് സ്വീകരിച്ചിരുന്നു. സംസ്ഥാന സർക്കാർ ഉമ്മൻ വി. ഉമ്മനെ അധ്യക്ഷനാക്കി സമിതിയെ നിയോഗിച്ചു. ആ സമിതി കേരളമൊട്ടാകെ മലയോരങ്ങൾ മുഴുവൻ സഞ്ചരിച്ചു. കമ്മറ്റിയോട് പരിസ്ഥിതി പ്രവർത്തകർപോലും മലയോരകർഷകരുടെ ആവശ്യം ന്യായമാണെന്ന് പറഞ്ഞു. തുടർന്ന് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര വനം -പരിസ്ഥിതി മന്ത്രാലയത്തിന് നൽകി. അന്നത്തെ കേന്ദ്രമന്ത്രിമാരെല്ലാം അനുകൂലമായി സംസാരിച്ചു. പക്ഷേ ഉദ്യോഗസ്ഥതലത്തിൽ പരിശോധനയ്ക്കെത്തിയപ്പോൾ മന്ത്രി പറഞ്ഞിട്ടും ഉദ്യോഗസ്ഥർ കരട് വിജ്ഞാപനം പുറപ്പെടുവിക്കാൻ മടിച്ചു. അവസാനം കേരളത്തിലെ മലയോര കർഷകരുടെ രക്ഷയ്ക്ക്വേണ്ടി കോൺഗ്രസ് അധ്യക്ഷ സോണിയാ ഗാന്ധി നേരിട്ട് ഇടപെട്ടു. അതുകൊണ്ട് മാത്രമാണ് അന്ന് കരടുവിജ്ഞാപനം പുറപ്പെടുവിക്കുവാനുള്ള സാഹചര്യം ഉണ്ടായതെന്നും ആന്റണി വ്യക്തമാക്കി."* **നാണംകെട്ട ഈ വാക്കുകൾ കേട്ട് ആർപ്പുവിളിക്കുവാൻ നേതൃത്വത്തെ അന്ധമായി ആരാധിക്കുന്ന കോൺഗ്രസുകാരുണ്ടാകും. അല്ലെങ്കിൽ ദിവസക്കൂ**

## കസ്തൂരിരംഗൻ: അന്തിമ വിജ്ഞാപനം വൈകിപ്പിക്കുന്നത് അനാസ്ഥയെന്ന് ആന്റണി

സ്വന്തം ലേഖകൻ

ന്യൂഡൽഹി: കസ്തൂരിരംഗൻ റിപ്പോർട്ടിൽ അന്തിമവിജ്ഞാപനം വൈകിപ്പിക്കുന്നത് കേന്ദ്രസർക്കാരിന്റെ കുറ്റകരമായ അനാസ്ഥയാണെന്നു മുതിർന്ന കോൺഗ്രസ് നേതാവ് എ.കെ ആന്റണി. ഈ വിഷയത്തിൽ കേന്ദ്രവും സംസ്ഥാന സർക്കാരും ഇപ്പോൾ ഒത്തുകളിക്കുകയാണോ എന്നു സംശയിക്കണമെന്നും ഇടുക്കി ഡിസിസി ഡൽഹിയിൽ സംഘടിപ്പിച്ച കർഷക മാർച്ച് ഉദ്ഘാടനം ചെയ്ത് അദ്ദേഹം പറഞ്ഞു. കൈയിൽ ഏലച്ചെടികളുമേന്തി നിരവധി കർഷകരാണ് ഡൽഹി ജന്തർമന്തറിൽ കർഷകരോഷം പ്രകടിപ്പിച്ച് പ്രതിഷേധി




കസ്തൂരിരംഗൻ റിപ്പോർട്ടിൽ അന്തിമവിജ്ഞാപനം വൈകിപ്പിക്കുന്നതിൽ കേന്ദ്രസർക്കാരിന്റെ അനാസ്ഥയ്ക്കെതിരേ ഇടുക്കി ഡിസിസി ഡൽഹിയിൽ സംഘടിപ്പിച്ച കർഷക മാർച്ച് മുതിർന്ന കോൺഗ്രസ് നേതാവ് എ.കെ ആന്റണി ഉദ്ഘാടനം ചെയ്യുന്നു

**ലിക്ക് ഈ സമ്മേളനത്തിൽ പങ്കെടുത്ത ഇവരുടെ കൂലിപ്പട്ടാളങ്ങളുണ്ടാകും. അന്തസും അഭിമാനവും സിരകളിൽക്കൂടി ഒഴുകുന്ന പശ്ചിമഘട്ടത്തിലെ ഒരു ജനതയ്ക്കും ഈ പൊള്ളത്തരം നിറഞ്ഞ അധരവ്യായാമത്തിന് കീ ജെയ് വിളിക്കാനാവില്ല.** കാരണം, ഇനിയും വിഢിവേഷംകെട്ടിയാടുവാൻ തങ്ങൾക്കാവില്ലന്നുള്ള ഉറച്ച തീരുമാനം ഇപ്പോൾ ഈ ജനതയ്ക്കുണ്ട്.

**അധികാരത്തിന്റെ നാളുകളിൽ പശ്ചിമഘട്ടത്തെ തത്വത്തിൽ പരിസ്ഥിതിലോലമാക്കിയത് ആന്റണിയുൾക്കൊള്ളുന്ന യുപിഎ ഭരണനേതൃത്വമാണെന്നും ഇതിന്റെ പിന്നിലെ ചരിത്രവും പശ്ചാത്തലവും എന്തെന്നും അക്കമിട്ടക്കമിട്ട് പശ്ചിമഘട്ടത്തിലെ ആബാലവൃദ്ധം ജനങ്ങളുമിന്ന് പഠിച്ച് പ്രതികരിക്കുന്നു.** ഒരു ജനതയെ മുഴുവൻ കണ്ണീരിലാഴ്ത്തിയവർ അന്തിമവിജ്ഞാപനത്തിനായി മുതലക്കണ്ണീരൊഴുക്കുന്നത് ആദർശപരമല്ല, മലയോരജനതയോടുള്ള സ്നേഹവുമല്ല മറിച്ച്, അവസരവാദമാണ്.

മന്ത്രിമാർ പറഞ്ഞിട്ടുപോലും ഉദ്യോഗസ്ഥർ കരടുവിജ്ഞാപനം പുറപ്പെടുവിക്കുവാൻ മടിച്ചുവെന്ന ആന്റണിയുടെ കുമ്പസാരം ജനാധിപത്യ ഭരണസംവിധാനങ്ങളെ അവഹേളിക്കുന്നതല്ലേ? **ബ്യൂറോക്രസിയുടെ കാൽക്കീഴിൽ ജനാധിപത്യവ്യവസ്ഥിതിയിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളും രാജ്യം ഭരിച്ച ഉത്തരവാദിത്വപ്പെട്ട മന്ത്രിമാരും ചവിട്ടിയരയ്ക്കപ്പെടുന്ന കെടുകാര്യസ്ഥതയായിരുന്നു തന്റെ ഭരണകാലത്തെന്ന് വിളിച്ചുപറയുന്നത് ധീരതയല്ല, മറിച്ച് കഴിവുകേടാണ്. മറ്റൊരു വാക്കിൽ പറഞ്ഞാൽ നട്ടെല്ലില്ലാത്തവരുടെ രോദനമാണ്.** അവസാനം കോൺഗ്രസ് അദ്ധ്യക്ഷ പറഞ്ഞിറക്കിയ ഒന്നാം കരടുവിജ്ഞാപനം മലയോരജനതയെ രക്ഷിച്ചില്ലെന്നുമാത്രമല്ല, 2014-മെയിൽ നടന്ന പൊതുതെരഞ്ഞെടുപ്പിനുമുമ്പുള്ള രാഷ്ട്രീയ തട്ടിപ്പായിരുന്നുവെന്ന് ജനം തിരിച്ചറിഞ്ഞതുകൊണ്ട് കോൺഗ്രസും രക്ഷപെട്ടില്ല. അധികാര കസേരയിൽ നിന്നു പുറന്തള്ളപ്പെട്ട് തകർന്നടിഞ്ഞിട്ടുപോലും കണ്ണുതുറക്കാത്തവരാണ് പശ്ചിമഘട്ടജനതയുടെ അതിജീവനപോരാട്ടങ്ങൾക്ക് നാളുകളായി നേതൃത്വം നൽകുന്ന കർഷകജനകീയ പ്രസ്ഥാനങ്ങളെ തട്ടിപ്പുകാരെന്ന് മുദ്രകുത്തി ആക്ഷേപിക്കുന്നത്. **പാറമട ഖനന ലോബികൾക്കുവേണ്ടി വക്കാലത്തുമായി കോടതികൾ കയറിനടക്കുന്ന ചില ജനപ്രതിനിധികൾക്കും രാഷ്ട്രീയ നേതാക്കൾക്കും പരിസ്ഥിതിലോലവിഷയം ഉദരപോഷണവും സാമ്പത്തികലാഭവുമെങ്കിൽ, മലയോരജനതയ്ക്കിത് ജീവിതവെല്ലുവിളിയും ജീവിക്കാനുള്ള പോരാട്ടവുമാണ്.**

പശ്ചിമഘട്ടമൊന്നാകെ പരിസ്ഥിതിലോലമാക്കി ലോകപ്പൈതൃകപട്ടികയിൽ കൊണ്ടുവരുന്നതിനായി 2006ൽ അപേക്ഷ നൽകിയത് യുപിഎ സർക്കാരല്ലേ? അന്ന് ലോകപൈതൃകസമിതി അപേക്ഷയിൽ പറഞ്ഞിരിക്കുന്ന പ്രദേശങ്ങളിൽ ജനവാസവും കൃഷിയും തോട്ടങ്ങളും ഡാമുകളുമുണ്ടെന്ന കാരണത്താൽ നോമിനേഷൻ തള്ളിക്കളഞ്ഞപ്പോൾ 2009ൽ വിദേശസാമ്പത്തിക ഏജൻസികളുടെ സഹായത്തോടെ ഭൂപടങ്ങളും പഠനറിപ്പോർട്ടുകളും സഹിതം 52 ലക്ഷം ജനങ്ങളുള്ള 6 സംസ്ഥാനങ്ങളിലെ പശ്ചിമഘട്ടപ്രദേശത്തെ പരിസ്ഥിതി സംരക്ഷണത്തിനായി വിലപറഞ്ഞ് വിറ്റതും മുൻ കേന്ദ്രസർക്കാരാണ്. ഇതുകൊണ്ടും തീർന്നില്ല, **പൈതൃകപട്ടികയിൽ ഉൾപ്പെടുത്തണമെന്നു പറയുന്ന സ്ഥലങ്ങൾ എങ്ങനെ സംരക്ഷിക്കുമെന്ന ലോകപൈതൃകസമിതിയുടെ അന്നത്തെ ചോദ്യത്തിന് ഓരോ സ്ഥലവും ഓരോ കാടിനുള്ളിലാണെന്നും പ്രസ്തുത കാടിന് ഒരു മാനേജ്മെന്റ് പ്ലാൻ ഉണ്ടെന്നും മറുപടി നൽകിയത് കോൺഗ്രസ്നേതൃത്വ സർക്കാരല്ലേ?**

പശ്ചിമഘട്ടത്തിലെ പ്രദേശവാസികൾ പോലുമറിയാതെ ലോകപൈതൃകപദവി നേടിയെടുത്ത് വിദേശ പരിസ്ഥിതി സാമ്പത്തിക ഏജൻസികളിൽനിന്ന് കാർബൺ ഫണ്ട് നേടിയെടുക്കുവാൻ ഈ പ്രദേശങ്ങളുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് പരിസ്ഥിതിസംരക്ഷണം കൊട്ടിഘോഷിച്ച് **2010 മാർച്ച് നാലിന് ഗാഡ്ഗിൽ സമിതിയെ രൂപീകരിച്ചത് സാക്ഷാൽ എ.കെ.ആന്റണിയുൾപ്പെടെ കേരളത്തിൽ നിന്ന് എട്ടോളംപേർ കേന്ദ്ര യുപിഎ മന്ത്രിസഭയിൽ അംഗമായിരുന്നപ്പോഴാണെന്ന് മറക്കുവാൻ മാത്രം മറവിരോഗികളല്ല മലയോരജനത.** പശ്ചിഘട്ടത്തെയാകെ ഒരു ഇഎസ്എയായി കണക്കാക്കുകയും അതിനെ മൂന്ന് സോണുകളായി തരംതിരിച്ച് കർശനനിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക എന്ന ഗാഡ്ഗിൽ റിപ്പോട്ട് അംഗീകരിച്ച് ലോകപൈതൃകസമിതിക്ക് സമർപ്പിച്ചത് യുപിഎ സർക്കാരല്ലേ? 2011 ഓഗസ്റ്റ് 31ന് കേന്ദ്രസർക്കാരിൽ സമർപ്പിച്ച ഗാഡ്ഗിൽ റിപ്പോർട്ട് രഹസ്യമാക്കിവെച്ച് 2012 മെയ്മാസം കോടതിവിധിയിലൂടെ പുറത്തറിയിക്കേണ്ടിവന്ന സാഹചര്യം അന്നത്തെ യുപിഎ മന്ത്രിമാർ മറന്നുപോയെങ്കിലും ഞങ്ങൾ ഓർക്കുന്നു.



ഗാഡ്ഗിൽ റിപ്പോർട്ട് പ്രകാരം പശ്ചിമഘട്ടം ലോകപൈതൃക പദവി നേടിയെടുത്തപ്പോൾ ഈ മേഖലയിൽ യുപിഎ സർക്കാർ പുത്തൻ നിയന്ത്രണങ്ങളും നിരോധനങ്ങളും അടിച്ചേൽപ്പിക്കുവാൻ തുടങ്ങി. ജനങ്ങൾ പ്രതിഷേധിച്ചപ്പോൾ 2012 ഓഗസ്റ്റ് 17ന് ഗാഡ്ഗിൽ സമിതി നിർദ്ദേശങ്ങൾ പശ്ചിമഘട്ടമൊന്നാകെ ഘട്ടം ഘട്ടമായി നടപ്പിലാക്കുവാൻ സ്തൂരിരംഗൻ കമ്മറ്റിയെ നിയമിച്ചതും യുപിഎ സർക്കാരാണ്.

**2013 നവംബർ 13ന് കേരളത്തിലെ 123 വില്ലേജുകൾ ഉൾപ്പെടെ പശ്ചിമഘട്ടത്തിലെ 4156 വില്ലേജുകൾ പരിസ്ഥിതിലോല വില്ലേജുകളായി തത്വത്തിൽ അംഗീകരിച്ച് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ഉത്തരവിറക്കിയത് ബഹുമാന്യനായ എ.കെ.ആന്റണി അങ്ങ് തൊട്ടടുത്ത് മന്ത്രിക്കസേരയിലിരിക്കുമ്പോഴാണന്നുള്ളത് വേദനാപൂർവ്വം ഓർമ്മിപ്പിക്കട്ടെ.**

**അധികാരത്തിലിരുന്ന നാളുകളിൽ പശ്ചിമഘട്ടത്തെ പരിസ്ഥിതിലോലമാക്കി വിദേശസാമ്പത്തിക ഏജൻസികൾക്കും ലോകപൈതൃക സമിതിക്കും തീറെഴുതിക്കൊടുത്ത് ലക്ഷക്കണക്കിന് ജനങ്ങളെ ദുഃഖദുരിതത്തിലാക്കിയവരും ഇതിന് കുട്ടുനിന്നവരും ഇപ്പോൾ പശ്ചിമഘട്ടജനതയുടെ സംരക്ഷകരായി മേലങ്കിയണിഞ്ഞ് അവതരിച്ചിരിക്കുന്നത് അപഹാസ്യമാണ്.** കേരളത്തിലെ 123 വില്ലേജുകളെ പരിസ്ഥിതിലോലമാക്കി 22 ലക്ഷത്തോളം ജനങ്ങളുടെ നടുവൊടിച്ച് നടുക്കടലിലേയ്ക്ക് വലിച്ചെറിഞ്ഞത് യുപിഎ സർക്കാരാണ്. ഇക്കാലയളവിൽ കേരളത്തിൽ അധികാരത്തിലിരുന്ന യുഡിഎഫ് സർക്കാരും രാഷ്ട്രീയനാടകങ്ങൾ നടത്തി ജനങ്ങളെ വിഢികളാക്കുകയായിരുന്നു. കർഷക സംരക്ഷകരെന്നു കൊട്ടിഘോഷിച്ച കർഷകപാർട്ടികളും അധികാരസുഖത്തിൽ മലയോരജനതയെ മറന്നിട്ടിപ്പോൾ കർഷകസം

രക്ഷകരുടെ കുപ്പായമണിഞ്ഞിരിക്കുന്നു. ഇവരെല്ലാമിപ്പോൾ അന്തിമവിജ്ഞാപനത്തിനായി മുറവിളികൂട്ടുന്നതിനു പിന്നിലുള്ള രാഷ്ട്രീയകുതന്ത്രം പശ്ചിമഘട്ട ജനതയ്ക്കറിയാം. ഇന്നലെകളിൽ ചെയ്ത തെറ്റിനും ജനദ്രോഹത്തിനും പരസ്യമായി ക്ഷമാപണം നടത്തുകയാണ് ഇക്കൂട്ടർ ആദ്യമായി ചെയ്യേണ്ടത്. യുപിഎ സർക്കാർ അധികാരത്തിലിരുന്നപ്പോൾ അടിച്ചേൽപ്പിച്ച ഇഎസ് എയ്ക്കെതിരെ ഇന്നലെവരെ ചെറുവിരലനക്കാതെ ഓച്ഛാനിച്ചു നിന്നവരിപ്പോൾ കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കെതിരെ വാളോങ്ങുന്നതിൽ എന്തർത്ഥം?

കഴിഞ്ഞ ഏഴു വർഷത്തോളമായി പശ്ചിമഘട്ടജനത അനുഭവിക്കുന്ന ജീവിതപ്രതിസന്ധിയാണ് അതിരൂക്ഷമായി ഇന്നും തുടരുന്നത്. രണ്ടാം കരടുവിജ്ഞാപനത്തിനെത്തുടർന്ന് അന്തിമവിജ്ഞാപനം അട്ടിമറിക്കപ്പെടുമെന്ന് ഇൻഫാം മാസങ്ങൾക്ക് മുമ്പ് സൂചിപ്പിച്ചപ്പോൾ പലരും നിസാരമായി കണ്ടു. രണ്ടാം കരടുവിജ്ഞാപനത്തിന്റെ കാലാവധി മാർച്ച് നാലിന് അവസാനിക്കുന്നതിനു മുമ്പ് ഇതാ വീണ്ടും പുത്തൻ കരടുവിജ്ഞാപനം വന്നു

യുഡിഎഫ് സർക്കാർ സമർപ്പിച്ച ഉമ്മൻ വി. ഉമ്മൻ കമ്മീഷൻ റിപ്പോർട്ടും തള്ളിക്കളയണമെന്നാണ് എക്കാലവും ഇൻഫാമിന്റെ നിലപാട്. **ഇ.എസ്.എ.യുടെ അടിസ്ഥാനഘടകം വില്ലേജാണെന്നാണ് കേന്ദ്രസർക്കാരും ലോകപൈതൃകസമിതിയും പലതവണ വ്യക്തമാക്കിയിരിക്കുന്നത്. ഇത് രാജ്യാന്തര ലിഖിതനിയമവുമാണ്. വില്ലേജിനുള്ളിലുള്ള ചതുപ്പുനിലങ്ങളും പാറക്കൂട്ടങ്ങളും ഇ.എസ്.എ.യായി കണക്കാക്കുമ്പോൾ ആ വില്ലേജുതന്നെ പരിസ്ഥിതിലോല വില്ലേജായി മാറുകയാണ്.**

ഉമ്മൻ വി ഉമ്മൻ കമ്മീഷൻ റിപ്പോർട്ട് നമ്മെ വൻചതിക്കുഴിയിലേയ്ക്കാണ് തള്ളിയിട്ടതെന്നുള്ളത് വൈകിയ വേളയിലെങ്കിലും മലയോരജനത തിരിച്ചറിയണം. **കോട്ടയം ജില്ലയിലെ നാലുവില്ലേജുകൾ പരിസ്ഥിതിലോലത്തിൽ നിന്ന് ഒഴിവാക്കിയെന്ന് യുഡിഎഫ് സർക്കാർ പറഞ്ഞത് പച്ചക്കള്ളമാണെന്ന് ഇൻഫാം പലതവണ സൂചിപ്പിച്ചതും ഇവിടെ കൂട്ടിവായിക്കേണ്ടതാണ്.**

കസ്തൂരിരംഗൻ സമിതിയുടെ ശുപാർശകളിൽപെടുന്ന കേരളത്തിലെ 123 വില്ലേജുകൾ തത്വത്തിൽ പരിസ്ഥിതിലോലമായി അംഗീകരിച്ചുകൊണ്ട് പരിസ്ഥിതിസംരക്ഷണ ആക്ട് 1986 സെക്ഷൻ 5 പ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 2013 നവംബർ 13ൽ ഇറക്കിയ മാർഗ്ഗനിർദ്ദേശ ഉത്തരവ് ഇപ്പോൾ നിലനിൽക്കുകയാണ്. **കരടുവിജ്ഞാപനത്തേക്കാളും സർക്കാർ നടപടികളിലും കോടതി വ്യവഹാരങ്ങളിലും ലോകപൈതൃകസമിതിയിലും ഈ ഉത്തരവിനാണ് പിൻബലം. അതുകൊണ്ടാണ് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം മുടന്തൻ ന്യായങ്ങളുമായി അന്തിമവിജ്ഞാപനം അനന്തമായി നീട്ടുന്നത്.**

ജനവാസമേഖലകളും, കൃഷിയിടങ്ങളും, തോട്ടങ്ങളും ഒഴിവാക്കി വിജ്ഞാപനമിറക്കണമെന്ന നിർദ്ദേശം മനസിലാക്കാം. ഇതൊഴിവാക്കിയുള്ള നിർദ്ദേശമാണ് ഉമ്മൻ വി. ഉമ്മൻ സമർപ്പിച്ചതെന്നും അംഗീകരിക്കുന്നു. പക്ഷേ ഈ നിർദ്ദേശങ്ങൾ ഇഎസ്എ തത്വങ്ങൾക്ക് ഘടകവിരുദ്ധമാണെന്ന് എന്തേ രാഷ്ട്രീയ നേതൃത്വങ്ങൾ ഇത്രയും കാലമായിട്ടും മനസിലാക്കാത്തത്. **ഒരു വില്ലേജിൽ ഒരുസെന്റ് സ്ഥലമെങ്കിലും പരിസ്ഥിതിലോലമായി നിർദ്ദേശിച്ചാൽ ആ വില്ലേജ് പരിസ്ഥിതിലോലമായി മാറും. നിയന്ത്രണങ്ങളും നിരോധനങ്ങളുമുണ്ടാകും. ഇഎസ്എയുടെ ബഫർ സോണുകൾ സൃഷ്ടിക്കപ്പെടും. ചുരുക്കിപ്പറഞ്ഞാൽ ഉമ്മൻ റിപ്പോർട്ടുപ്രകാരം യുപിഎ ഇറക്കിയ കരടുവിജ്ഞാപനം അനുസരിച്ച് അന്തിമവിജ്ഞാപനം ഇറക്കിയാൽ 22 ലക്ഷത്തോളം ജനങ്ങൾ പശ്ചിമഘട്ടത്തുനിന്ന് കുടിയിറക്കപ്പെടും.** ഇതിന്റെ വാസ്തവമറിയണമെങ്കിൽ മഹാരാഷ്ട്രയിലെ മഹാബലേശ്വരിലെ ജനങ്ങളുടെ ദുരിതവും, കർണ്ണാടകയിലെ ഹംബിയിലുണ്ടായ കുടിയൊഴിപ്പിക്കലും, പരിസ്ഥിതിലോലമായ പ്രഖ്യാപിച്ച ഉത്തരാഖണ്ഡിലെ കോർബറ്റ് നാഷണൽ പാർക്കിനുചു



റ്റുമുള്ള ജനങ്ങളുടെ ജീവിതക്കണ്ണീരും നേരിട്ടറിഞ്ഞ് അനുഭവിക്കണം.

**ജനവാസകേന്ദ്രങ്ങളും കൃഷിയിടങ്ങളും തോട്ടങ്ങളും ഉൾക്കൊള്ളുന്ന വില്ലേജുകൾ പരിപൂർണ്ണമായി ഒഴിവാക്കി സംരക്ഷിത വനമേഖല മാത്രം ഇ.എസ്.എ.യിൽ ഉൾപ്പെടുത്താനുള്ള സംസ്ഥാന സർക്കാരിന്റെ ശുപാർശയാണ് കേന്ദ്രം ഇനി പരിഗണിക്കേണ്ടത്.**

ഇൻഫാം ഇക്കാലമത്രയും നിരന്തരമായി ആവശ്യപ്പെട്ടിരുന്ന ഈ നിർദ്ദേശം സംസ്ഥാനസർക്കാർ ഗൗരവപൂർവ്വം പരിഗണിച്ചത് അഭിനന്ദനീയമാണ്. പശ്ചിമഘട്ടജനതയുടെ സംരക്ഷണത്തിനായി സംസ്ഥാനസർക്കാരിന്റെ ഈ നിർദ്ദേശം നടപ്പിലാക്കുവാൻ വിഘടിച്ചുനിന്ന് പ്രക്ഷോഭം നടത്താതെ ഒറ്റക്കെട്ടായി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുവാൻ നമുക്കാകണം. **മൂന്നാം കരടുവിജ്ഞാപനം പുനർപുറപ്പെടുവിച്ച സാഹചര്യത്തിൽ അറുപതു ദിവസത്തിനുള്ളിൽ അന്തിമവിജ്ഞാപനത്തിനു നിയമപരമായി സാധ്യതയില്ല.** 60 ദിവസം പൊതുജനങ്ങൾക്ക് ആക്ഷേപങ്ങളും നിർദ്ദേശങ്ങളും സമർപ്പിക്കുവാൻ അവസരമുണ്ട്. ഇതിനെത്തുടർന്ന് അന്തിമവിജ്ഞാപനമിറക്കാനുള്ള സമ്മർദ്ദമാണ് ഇനിയുമുണ്ടാകേണ്ടത്. 2015 സെപ്തംബർ 4-ന് രണ്ടാമതിറക്കിയ കരടുവിജ്ഞാപനത്തിൽ തെല്ലും വ്യത്യാസമില്ലാതെയാണ് 2017 ഫെബ്രുവരി 28 നുണ്ടായ പുനർവിജ്ഞാപനം മാർച്ച് രണ്ടിലെ ഗസറ്റിൽ പ്രസിദ്ധീകരിച്ചിരിക്കുന്നത്.

**ജനവാസകേന്ദ്രങ്ങളും കൃഷിയിടങ്ങളും തോട്ടങ്ങളും ഉൾക്കൊള്ളുന്ന വില്ലേജുകൾ ഇഎസ്എയിൽ നിന്ന് ഒഴിവാക്കി സംരക്ഷിതവനമേഖലമാത്രമേ ഇഎസ്എയായി പരിഗണിക്കാവൂ എന്ന് റിപ്പോർട്ടുനൽകാൻ സംസ്ഥാന സർക്കാർ എടുത്ത തീരുമാനം കേന്ദ്രത്തെക്കൊണ്ട് അംഗീകരിപ്പിക്കാനുള്ള ശ്രമത്തിൽ കേരളത്തിൽ നിന്നുള്ള എല്ലാ ജനപ്രതിനിധികളും രാഷ്ട്രീയ നേതൃത്വങ്ങളും ജാഗ്രത കാട്ടണം.**

**ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ**
**ചീഫ് എഡിറ്റർ**



**നാലാം മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ ചർച്ചകളെയും നിഗമനങ്ങളെയും അടിസ്ഥാനമാക്കി സീറോ മലബാർ സിനഡ് അംഗീകരിച്ച ശുപാർശകളുടെയും നിർദ്ദേശങ്ങളുടെയും വെളിച്ചത്തിൽ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പുറപ്പെടുവിക്കുന്ന പ്രബോധനരേഖ.**

# ഒന്നായി മുന്നോട്ട്

## അജപാലന പ്രബോധനം

കഴിഞ്ഞ ലക്കം തുടർച്ച...

ലൗകികവസ്തുക്കളുടെ നീതിപൂർവ്വകമായ വിതരണം നിയമം മൂലം നടപ്പിൽ വരുത്തുവാൻ ഭരണാധികാരികൾ പരിശ്രമിക്കുന്നു. എന്നാൽ ക്രൈസ്തവർ നിയമത്തെയും മറികടക്കുന്ന നീതി നടപ്പിൽ വരുത്തേണ്ടവരാണ്. അതാണ് കാരുണ്യം. കാരുണ്യം നീതിയുടെ പൂർത്തീകരണമാണ് എന്ന് ഫ്രാൻസീസ് പാപ്പാ പറയുന്നു. കാരുണ്യം നീതിയേയും സത്യത്തേയും പുറന്തള്ളുന്നില്ലെന്നത് നേരാണ്. എന്നാൽ കാരുണ്യമാണ് നീതിയുടെ പരിപൂർണ്ണതയെന്നും അതാണ് ദൈവത്തിന്റെ സത്യത്തിന്റെ ഏറ്റവും തിളങ്ങുന്ന പ്രകാശനമെന്നും പ്രഥമവും പ്രധാനവുമായി നാം പറയേണ്ടതുണ്ട്. (സ്നേഹത്തിന്റെ ആനന്ദം, നമ്പർ 311, കാരുണ്യത്തിന്റെ മുഖം നമ്പർ 10)

4. വ്യക്തിജീവിതത്തിൽ നാമിന്ന് ചെയ്യുന്ന കാര്യങ്ങളിൽ അത്യാവശ്യമുള്ളവ, ആവശ്യമുള്ളവ, സൗകര്യത്തിനുള്ളവ, ആഡംബരസ്വഭാവത്തിനുള്ളവ, ആർഭാടമായവ എന്നിങ്ങനെ വിവേചിച്ചറിഞ്ഞ് ആഡംബരങ്ങളേയും ആർഭാടങ്ങളേയും പരിപൂർണ്ണമായി വർജ്ജിക്കുവാൻ നാം തയ്യാറാകണം. ഓരോരുത്തരും തങ്ങളുടെ ന്യായമായ സുഖസൗകര്യങ്ങൾ നിവർത്തിച്ചശേഷം ബാക്കിയുള്ളവ ദരിദ്രരും ആവശ്യക്കാരുമായിട്ടുള്ളവർക്കു നൽകുവാൻ കടപ്പെട്ടിരിക്കുന്നു. ഇതാണ് ലാളിത്യം ആവശ്യപ്പെടുന്ന അടിസ്ഥാനധർമ്മം. തന്റെ അധ്വാനം വഴി സമ്പാദിക്കുന്നതെല്ലാം തനിക്കുവേണ്ടി തന്നെയുള്ളതാണ് എന്ന ചിന്ത മാറ്റി തന്റെ അദ്ധ്വാനഫലം തന്റെ സഹോദരനുകൂടി അർഹതപ്പെട്ടതാണെന്നുള്ള സുവിശേഷചിന്ത നാം ഉൾക്കൊള്ളണം. നമ്മുടെ അദ്ധ്വാനം ഏതു തരത്തിലുള്ളതായാലും നമുക്കാവശ്യമുള്ളതിൽ കവിഞ്ഞ് അതിൽ നിന്നു സമ്പാദിക്കുവാൻ കഴിയുന്നുവെങ്കിൽ അതിനു കാരണം നാം സമ്പാദിക്കുന്നവയ്ക്കു ഉത്തേജകമായി നമ്മുടെ ശക്തിയിൽ കവിഞ്ഞ ഘടകങ്ങളും പ്രവർത്തിച്ചിട്ടുണ്ട് എന്നതാണ്. അപ്രകാരം സമൂഹത്തിലെ വിവിധ ശക്തികളുടെ ഒന്നിച്ചുള്ള പ്രവർത്തനത്തിന്റെ ഫലമായി നടക്കുന്ന നമ്മുടെ അധ്വാനം കൈവരുത്തുന്ന ഫലങ്ങൾ, സമൂഹത്തിലെ പാവപ്പെട്ടവരോടൊപ്പം പങ്കിടുവാൻ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ നാം നിർബന്ധിതരാകേണ്ടിയിരിക്കുന്നു. കൃഷിക്കാരൻ പ്രയോജനപ്പെടുത്തുന്ന അന്തരീക്ഷവായുവും മഴയും വെയിലുമെല്ലാം ദൈവത്തിന്റെ ദാനങ്ങളാണ്. അവയെല്ലാം പ്രയോജനപ്പെടുത്തുവാൻ കർഷകനു ലഭിക്കുന്ന വിളവുകൾ അവനെന്നതുപോലെ ദൈവത്തിന്റെ സൃഷ്ടികളായ തന്റെ സഹോദരങ്ങൾക്കും അവകാശപ്പെട്ടതാണെന്ന് ന്യായമായി മനസിലാക്കാമല്ലോ. അതുപോലെതന്നെ വ്യാപാരം, വ്യവസായം, ഉദ്യോഗങ്ങൾ, മാധ്യമപ്രവർത്തനങ്ങൾ എന്നിവയെല്ലാം സമൂഹത്തിന്റെ പൊതുവായ സഹകരണത്തോടെയാണ് ഓരോ വ്യക്തിയും നിർവഹിക്കുന്നതും അതിൽനിന്നു ഫലങ്ങൾ കൊയ്യുന്നതും. അപ്രകാരം ഓരോരുത്തരുടേയും അധ്വാനത്തിന്റെ ഫലങ്ങൾ ആനുപാതികമായി മറ്റുള്ളവർക്കും വിശിഷ്യാ, അവയൊക്കെ പ്രയോജനപ്പെടുത്തുവാൻ സാധ്യതയില്ലാത്തവർക്കും അർഹതപ്പെട്ടതായി നാം കാണേണ്ടിയിരിക്കുന്നു (സന്തോഷവും പ്രത്യാശയും 69). പാവപ്പെട്ടവരും പരിത്യക്തരുമാണ് ഇപ്രകാരം അർഹതപ്പെട്ടവരിൽ ഒന്നാം സ്ഥാനത്തുനിൽക്കുന്നത്. ക്രൈസ്തവരുടെ വ്യക്തിജീവിതത്തിലെ മാമ്മോദീസാ, തിരുപ്പട്ടം, വിവാഹം, ജൂബിലികൾ, ഓർമ്മയാചരണങ്ങൾ എന്നിവയിലെല്ലാം സമഭാവനയോടെ ദരിദ്രരുടെ പങ്കാളിത്തം ഉറപ്പുവരുത്തുവാൻ സാധിക്കണം. ഈശോയുടെ വാക്കുകൾ ഓർമ്മയിലിരിക്കട്ടെ: *നീ സദ്യനടത്തുമ്പോൾ ദരിദ്രർ, വികലാംഗർ, മുടന്തർ, കുരുടർ എന്നിവരെ ക്ഷണിക്കുക. അപ്പോൾ നീ ഭാഗ്യവാനായിരിക്കും. എന്തെന്നാൽ പകരം നൽകാൻ അവരുടെ പക്കൽ ഒന്നുമില്ല. നീതിമാന്മാരുടെ പുനരുത്ഥാനത്തിൽ നിനക്കു പ്രതിഫലം ലഭിക്കും*(ലൂക്കാ.14:13-14).

തന്റെ സമ്പത്തുപയോഗിച്ച് ജീവിതത്തിന്റെ ധാടിയും മോടിയും വർദ്ധിപ്പിച്ചാൽ താൻതന്നെ ബഹുമാനിതനാകും എന്നു ചിന്തിക്കുന്നവരുണ്ട്. താൻ വസിക്കുന്ന വീടും ധരിക്കുന്ന വസ്ത്രവും അണിയുന്ന ആഭരണവും ഉപയോഗിക്കുന്ന വാഹനവും നടത്തുന്ന വിരുന്നുകളുടെ വിഭവസമൃദ്ധിയും ഒക്കെയാണ് തന്നെ വലിയവനാക്കുന്നതെന്നു പലരും ചിന്തിച്ചുപോകുന്നു. ഇതെത്രയോ മൗഢ്യമാണ്! എന്നാൽ നമ്മുടെ യഥാർത്ഥ വലുപ്പം നാം ദൈവത്തിന്റെ നീതിയും സ്നേഹവും കാരുണ്യവും എല്ലാവരോടും അനുവർത്തിക്കുന്നതിലാണ് അടങ്ങിയിരിക്കുന്നത്. ഈ യാഥാർത്ഥ്യബോധത്തിലേയ്ക്കാണ് പലരും തിരുത്തലുകൾ വരുത്തി തിരിച്ചുവരേണ്ടത്.

5. സഭാതലത്തിൽ ലാളിത്യം പ്രാവർത്തികമാക്കേണ്ടത് പ്രധാനമായും നിർമ്മാണപ്രവർത്തനങ്ങളുടെയും തിരുനാളാഘോഷങ്ങളുടെയും മേഖലകളിലാണ്. ഇവയിലാണ് ധൂർത്തും ആഡംബരവും കൂടുതലായി കണ്ടുവരുന്നത്. ഈ രംഗത്ത് ഇടവകസമൂഹങ്ങൾ പാലിക്കേണ്ട മിതത്വം മനസ്സിലാക്കേണ്ടിയിരിക്കുന്നു. പുതിയൊരു ദൈവാലയം ആവശ്യമാണോ, അതിന്റെ വലുപ്പവും ആകാരഭംഗിയും എപ്രകാരമായിരിക്കണം എന്നൊക്കെ വിശകലനം ചെയ്ത് സുചിന്തിതമായ തീരുമാനങ്ങളെടുക്കണം. ഇടവക ജനങ്ങളുടെ സാമ്പത്തിക സ്ഥിതിക്ക് അനുസൃതമായിരിക്കണം ഏറ്റെടുക്കുന്ന നിർമ്മാണപ്രവർത്തനങ്ങൾ. ന്യായമായ ധനസമാഹരണമാർഗ്ഗങ്ങൾ മാത്രം അവലംബിക്കുവാനും ശ്രദ്ധിക്കണം. തുടർസംരക്ഷണം (maintenence) വലിയൊരു ഭാരമാകുന്ന രീതിയിൽ സങ്കീർണ്ണമായ ബാഹ്യാകാരത്തോടെ നിർമ്മിക്കപ്പെടുന്ന ദൈവാലയങ്ങളും അനുബന്ധനിർമ്മിതികളും ഇക്കാലഘട്ടത്തിൽ ആവശ്യകമാണോയെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

(തുടരും)

# തൊഴിൽ മേഖലയിൽ കടുത്ത നിയന്ത്രണങ്ങളേർപ്പെടുത്തി സൗദി അറേബ്യ; സ്വദേശിവൽക്കരണംമൂലം ഒരു കോടിയോളം പ്രവാസികൾ പ്രതിസന്ധിയിൽ



സൗദിയിൽ വരുംദിവസങ്ങളിൽ പ്രവാസികളെ കാത്തിരിക്കുന്നത് കടുത്ത നിയന്ത്രണങ്ങൾ. സ്വദേശിവൽക്കരണം ശക്തമായി നടപ്പാക്കാൻ സൗദിസർക്കാർ തീരുമാനിച്ചതിനു പിന്നാലെ സൗദിയിൽ ജോലി ചെയ്യുന്ന ഒമ്പത് മില്യൺ വരുന്ന പ്രവാസികൾക്കും ഉടൻ അറേബ്യൻ മണ്ണിനോട് വിടപറയേണ്ടിവരുമെന്നാണ് കരുതുന്നത്. ലോകത്ത് ഏറ്റവും അധികം എണ്ണ ഉല്പാദിപ്പിക്കുന്ന രാജ്യമായ സൗദിയിലെ സാമ്പത്തിക പ്രതിസന്ധിയും അന്താരാഷ്ട്ര വിപണിയിൽ ക്രൂഡോയിലിന്റെ വിലത്തകർച്ചയും സ്വദേശിവൽക്കരണം ശക്തമായി നടപ്പാക്കുന്നതുമെല്ലാമാണ് പ്രവാസികൾക്ക് വിനയായത്.

രാജ്യത്തെ സ്വകാര്യമേഖലയിൽ കൂടുതൽ സൗദികളെ നിയമിക്കാനാണ് ഭരണകൂടത്തിന്റെ ഉത്തരവ്. പ്രവാസികൾക്കും അവരുടെ കുടുംബത്തിനും ഏർപ്പെടുത്തിയ ലെവി വർദ്ധിപ്പിക്കാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. സൗദിയിലെ സാമ്പത്തിക പ്രതിസന്ധിയും ലെവിയും കാരണം പ്രവാസികളായ തൊഴിലാളികളെ പല കമ്പനികളും പിരിച്ചുവിടുന്നതായാണ് റിപ്പോർട്ട്. വ്യവസായരംഗത്ത് വൻ പ്രതിസന്ധിയാണ് സൗദി നേരിടുന്നത്. സാമ്പത്തിക പ്രതിസന്ധി രൂക്ഷമായതിനോടൊപ്പം സ്വദേശിവൽക്കരണം ശക്തമാക്കാൻ തീരുമാനിച്ചതോടെ പല കമ്പനികളും പ്രവാസികളായ തൊഴിലാളികളുടെ കരാർ പുതുക്കി നൽകുന്നില്ലെന്നാണ് ഇലക്ട്രോണിക് വ്യാപാര മേഖലയിൽ മാനേജരായി ജോലിചെയ്യുന്ന പ്രവാസി പറയുന്നത്. ഇലക്ട്രോണിക് വ്യാപാരമേഖലയിൽ മാത്രം പത്ത് ശതമാനത്തിനുമുകളിൽ തകർച്ചയാണ് നേരിടുന്നതെന്നും അദ്ദേഹം പറഞ്ഞു.

സ്വദേശിവൽക്കരണത്തിനും സാമ്പത്തിക പ്രതിസന്ധിക്കും പുറമേയാണ് വിദേശികളിൽ നിന്ന് ലെവി ഇനത്തിൽ ഫീസ് ഈടാക്കാൻ സർക്കാർ തീരുമാനിച്ചത്. ജൂലൈ മുതലാണ് ലെവി ഈടാക്കുന്നത്. ആദ്യഘട്ടത്തിൽ നൂറ് റിയാലാണ് വിദേശികളിൽ നിന്ന് ഈടാക്കാൻ തീരുമാനിച്ചിരിക്കുന്നത്. പിന്നീട് ഇത് 400 റിയാൽ വരെയായി ഉയർത്തുമെന്നാണ് ബ്ലൂംബർഗ് ന്യൂസ് റിപ്പോർട്ട് ചെയ്തിരിക്കുന്നത്. വിദേശികളെ ജോലിക്ക് നിയമിക്കുന്ന കമ്പനികളും ഓരോ തൊഴിലാളികൾക്കും നിശ്ചിത തുക സർക്കാരിന് ഫീസായി നൽകാനും ഉത്തരവുണ്ട്. ഇതിനാൽ വിദേശികളെ പിരിച്ചുവിടാൻ കമ്പനികളും നിർബന്ധിതരാകുകയാണ്.

കൂടുതൽ സ്വദേശികൾക്ക് തൊഴിൽ ഉറപ്പുവരുത്താനായാണ് സർക്കാരിന്റെ ഈ തീരുമാനം. കൂടാതെ വിവിധയിനത്തിൽ നൽകുന്ന സബ്സിഡികൾ നിർത്തലാക്കാനും സർക്കാരിന് പദ്ധതിയുണ്ട്. ആദായനികുതി ഏർപ്പെടുത്താനും നികുതിയുടെ കാര്യത്തിൽ കർശനനിയന്ത്രണങ്ങൾ ഏർപ്പെടുത്താനും സർക്കാർ ആലോചിക്കുന്നതായും റിപ്പോർട്ടുകൾ പുറത്തുവരുന്നുണ്ട്. ഇതെല്ലാം മുന്നിൽക്കണ്ടാണ് സൗദിയിൽ ഏറ്റവും അധികം ശമ്പളം വാങ്ങുന്ന പാശ്ചാത്യരാജ്യങ്ങളിൽ നിന്നുള്ളവർ ഉൾപ്പെടെ സൗദി വിടാൻ തീരുമാനിച്ചിരിക്കുന്നത്.

## രാഷ്ട്രീയക്കാർ കേൾവിക്കാരാകണം: ഫ്രാൻസീസ് മാർപാപ്പ



റോം: തർക്കങ്ങളും അന്യോന്യമുള്ള അധിക്ഷേപങ്ങളും അവസാനിപ്പിച്ച് രാഷ്ട്രീയക്കാർ കൂടുതൽ കേൾക്കാൻ സദ്ധതയുള്ളവരായി മാറണമെന്നു ഫ്രാൻസീസ് പാപ്പ. റോമിലെ യൂണിവേഴ്സിറ്റി വിദ്യാർത്ഥികൾക്കായി ട്രീകാംപസിൽ നൽകിയ സന്ദേശത്തിലാണ് രാഷ്ട്രീയക്കാർ പരസ്പരം പഴിചാരി സംസാരിക്കുന്നത് ഒഴിവാക്കണമെന്ന് അഭിപ്രായപ്പെട്ടത്. രാഷ്ട്രീയക്കാർ സംസാരത്തിന്റെ ശബ്ദം കുറയ്ക്കുകയും മറ്റുള്ളവർ പറയുന്നതിനു ചെവികൊടുക്കുകയും വേണം. ലോകസമൂഹത്തിനു മുമ്പിൽ രാഷ്ട്രീയപ്രവർത്തനത്തിന്റെ നിലവാരം താഴ്ന്നുതുടങ്ങിയതായും മാർപാപ്പ പറഞ്ഞു. അഭയാർത്ഥികൾക്കെതിരെ രൂപപ്പെടുന്ന വികാരങ്ങളെക്കുറിച്ച് പരാമർശിച്ച മാർപാപ്പ അവരെ സഹോദരീസഹോദരന്മാരായി കാണണമെന്ന് ആഹ്വാനം ചെയ്തു. അഭയാർത്ഥികളെ സ്വാഗതം ചെയ്യണമെന്നും അവരെ ഭീഷണിയായി കാണരുതെന്നും മാർപാപ്പ ഓർമ്മിപ്പിച്ചു.

## 17 സൈനികരെ ഐഎസ് വധിച്ചു



കാബൂൾ: അഫ്ഗാനിസ്ഥാനിലെ കിഴക്കൻ നംഗർഹാർ പ്രവിശ്യയിൽ സൈനിക ചെക്കുപോസ്റ്റുകൾക്കുനേരെ ഐഎസ് ഭീകരർ നടത്തിയ ആക്രമണത്തിൽ 17 സൈനികർ കൊല്ലപ്പെട്ടു. സൈനികർ നടത്തിയ പ്രത്യാക്രമണത്തിൽ 21 ഭീകരർക്കു ജീവഹാനി നേരിട്ടെന്ന് പ്രതിരോധവക്താവ് ജനറൽ ദൗലത്ത് വസിറി പറഞ്ഞു.

# തീവ്രവാദത്തെ പ്രതിരോധിക്കാൻ സ്നേഹസംസ്കാരം വളർത്തണം: കർദിനാൾ മാർ ജോർജ് ആലഞ്ചേരി



കൊച്ചി: ലോകത്തിന്റെ ദുഃഖമായി മാറുന്ന തീവ്രവാദത്തെ പ്രതിരോധിക്കാൻ സ്നേഹത്തിന്റെയും മതസൗഹാർദ്ദത്തിന്റെയും സംസ്കാരം വളർത്തണമെന്നു സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി ആഹ്വാനം ചെയ്തു. ഫാ.ടോം ഉഴുന്നാലിൽ ബന്ദിയാക്കപ്പെട്ടതിന്റെ ഒന്നാം വാർഷികദിനത്തിൽ കേരള കത്തോലിക്കാ മെത്രാൻ സമിതിയും സലേഷ്യൻ സഭയുടെ (എസ്ഡിബി) ബംഗളൂരു പ്രൊവിൻസും സംയുക്തമായി കൊച്ചിയിൽ നടത്തിയ പ്രാർത്ഥനാസമ്മേളനത്തിൽ അനുഗ്രഹപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. ഫാ.ടോം ഉഴുന്നാലിൽ ബന്ദിയാക്കപ്പെട്ടതിൽ ദൈവത്തിനു പദ്ധതിയുണ്ടെന്നു വിശ്വസിക്കാനും പ്രത്യാശയോടെ അദ്ദേഹത്തിന്റെ മോചനത്തിനായി പ്രയത്നിക്കാനും പ്രാർത്ഥിക്കാനും നമുക്കു സാധിക്കണം. ടോമച്ചനെപ്പോലെ സഭയിൽ വേദനയനുഭവിക്കുന്ന എല്ലാവരുടേയും നൊമ്പരങ്ങളിൽ ദൈവഹിതത്തിന്റെ നിർവഹണമാണ് നാം ദർശിക്കേണ്ടത്.

ക്രിസ്തുവിന്റെ പീഡാസഹനവും മരണവും ഉയിർപ്പും ദൈവഹിതമായിരുന്നു. ക്രിസ്തുവിന്റെ പീഡാസഹനം പലർക്കും മാനസാന്തരമുണ്ടാക്കിയപോലെ ടോമച്ചനെ ബന്ധികളാക്കിയവരുടെ മാനസാന്തരത്തിനായും നാം പ്രാർത്ഥിക്കണം. തീവ്രവാദത്തിനും വർഗീയതയ്ക്കുമെതിരെ കുട്ടികളിലും മുതിർന്നവരിലും അവബോധം ഉണർത്തണം. വിദ്യാഭ്യാസ സാംസ്കാരിക മേഖലകളിൽ അതിനായി പരിശീലനം ആവശ്യമാണ്. വ്യക്തികളിലും സമൂഹത്തിലും ക്രിയാത്മകമായ ഊർജം വളർത്തുമ്പോഴാണ് നശീകരണസംസ്കാരത്തെ പ്രതിരോധിക്കാൻ സാധിക്കുകയെന്നും കർദിനാൾ മാർ ആലഞ്ചേരി പറഞ്ഞു.

ഫാ.ടോമിന്റെ മോചനത്തിനായി കേന്ദ്രസർക്കാരിന്റെ നടപടികൾ വേഗത്തിലും കാര്യക്ഷമവുമാകണമെന്നു സിബിസിഐ പ്രസിഡന്റ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ ഉദ്ഘാടനസന്ദേശത്തിൽ പറഞ്ഞു. ഭാരതത്തിലെ പൗരൻ എന്ന നിലയിൽ അച്ചനെ മോചിപ്പിക്കാൻ ഭാരത സർക്കാരിനു കടമയുണ്ട്. ഇക്കാര്യത്തിൽ സർക്കാരെടുത്ത നടപടികൾ അറിയാൻ പൊതുസമൂഹത്തിന് അവകാശവുമുണ്ട്. ഫാ.ടോം ഉഴുന്നാലിൽ ബന്ദിയാക്കപ്പെട്ടതിൽ ഫ്രാൻസീസ് പാപ്പ അതീവദുഃഖിതനാണ്. മോചനത്തിനായി സാധ്യമായ ഇടപെടലുകൾ വത്തിക്കാൻ നടത്തുന്നുണ്ട്. ജനസംഖ്യയുടെ പതിന്മടങ്ങ് ആവേശത്തോടെ രാജ്യത്തിന്റെ വളർച്ചയ്ക്കായി പ്രയത്നിച്ചവരാണ് ക്രൈസ്തവർ. രക്തസാക്ഷിത്വം ക്രൈസ്തവജീവിതത്തിന്റെ മർമ്മവും മഹത്വീകരണവുമായി കാണേണ്ടതുണ്ടെന്നും മാർ ക്ലീമിസ് പറഞ്ഞു.

എറണാകുളം ടൗൺഹാളിൽ നടന്ന സമ്മേളനത്തിൽ കെസിബിസി പ്രസിഡന്റ് ആർച്ച്ബിഷപ് ഡോ.എം.സൂസപാക്യം അധ്യക്ഷത വഹിച്ചു. ഫാ. ഉഴുന്നാലിനെപ്പോലുള്ളവർ സഭയിലുണ്ടെന്നതു സഭയ്ക്കു മുഴുവൻ അഭിമാനമാണെന്ന് അദ്ദേഹം പറഞ്ഞു. ശുഭാപ്തിവിശ്വാസത്തോടെ അച്ചന്റെ മോചനത്തിനായി പ്രാർത്ഥിക്കാൻ നമുക്കു സാധിക്കണമെന്നും അദ്ദേഹം പറഞ്ഞു.


# റബർ-തായ്‌ലാന്റിന്റെ വില്പന സമ്മർദ്ദം രാജ്യാന്തരവിപണിക്ക് പ്രഹരമാകും: ഇൻഫാം

കോട്ടയം: മുൻ വർഷങ്ങളിലെ വിലയിടിവിൽ കർഷകരിൽ നിന്ന് നേരിട്ട് സംഭരിച്ച 3,10,000 ടൺ റബർ തായ്‌ലാന്റ് സർക്കാർ വിറ്റഴിക്കാൻ തുടങ്ങിയിരിക്കുന്നതും രാജ്യത്തെ പ്രധാന റബർ ഉല്പാദനമേഖലയിൽ കാലാവസ്ഥ അനുകൂലമായി ടാപ്പിംഗ് പുനരാരംഭിച്ചിരിക്കുന്നതും വരും ദിവസങ്ങളിൽ രാജ്യാന്തരവിപണിയിൽ പ്രകൃതിദത്ത റബറിന്റെ വിലത്തകർച്ചയ്ക്ക് സാധ്യതയേറുന്നുവെന്ന് ഇൻഫാം ദേശീയസമിതി.

2014 മുതൽ ആഗോള റബർ വിപണിയിലുണ്ടായ വിലത്തകർച്ചയിൽ തായ്‌ലന്റിലെ പട്ടാളസർക്കാർ വിപണിവിലയുടെ ഇരട്ടിനൽകി കർഷകരിൽ നിന്ന് റബർ ശേഖരിച്ച് സംഭരിക്കുകയുണ്ടായി. 26 സ്റ്റേറ്റ് വെയർഹൗസുകളിലായി സംഭരിച്ചിരുന്ന 3,10,000 ടൺ ബ്ലോക്ക് റബറും പുകച്ച ഷീറ്റുൾപ്പെടുന്ന സ്വാഭാവിക റബറിന്റെ 98,000 ടൺ വിപണിയിൽ കഴിഞ്ഞ ദിവസങ്ങളിൽ ഇറക്കി. ഇനി ബാക്കിയുള്ള 2,12,000 ടൺ വരുംദിവസങ്ങളിൽ വിപണിയിലെത്തുവാൻ സാധ്യതയുണ്ട്. തായ്‌ലന്റിന്റെ ഏറ്റവും വലിയ റബർ ഉല്പാദന പ്രദേശമായ തെക്കൻ പ്രൊവിൻസിൽ വെള്ളപ്പൊക്കവും കനത്തമഴയും മൂലം 45 പേർ കൊല്ലപ്പെടുകയും പരിപൂർണ്ണമായി ഒന്നരമാസത്തോളം ടാപ്പിംഗ് നിർത്തിവെയ്ക്കുകയും ചെയ്തിരുന്നു. ഈയവസരത്തിൽ ചൈന വിപണിയിൽ സജീവമായപ്പോൾ തായ്‌ലാന്റ് റബർസ്റ്റോക്ക് പുറത്തിറക്കിയിരിക്കുന്നത് ഇനിയുള്ള ദിവസങ്ങളിൽ രാജ്യാന്തരവിപണിയുടെ തകർച്ചയ്ക്ക് ഇടനൽകും. ഇതിനോടകം 206 രൂപ വരെയെത്തിയ രാജ്യാന്തര വില 169 രൂപയിലേയ്ക്ക് ബാങ്കോക്ക് വിപണിയിൽ താഴ്ന്നതിന്റെ പ്രതിഫലനം വരുംദിവസങ്ങളിൽ ആഭ്യന്തരവിപണിയിലുമുണ്ടാകാം.

കേരളത്തിൽ, കാലാവസ്ഥാ വ്യതിയാനവും കൊടുംവരൾച്ചയും മൂലം കർഷകർ ടാപ്പിംഗ് നിർത്തിവെച്ചിട്ടുപോലും ഉല്പാദനം വർദ്ധിച്ചിരിക്കുന്നുവെന്ന റബർബോർഡ് പ്രഖ്യാപനം അടിസ്ഥാനമില്ലാത്തതാണ്. ആഭ്യന്തരവിപണിയിൽ വിലയിടിക്കുന്ന നടപടിയിൽ നിന്ന് റബർബോർഡ് പിന്തിരിയണം. രാജ്യാന്തരവിലയെങ്കിലും കർഷകർക്ക് നേടിയെടുക്കുവാൻ ശ്രമിക്കാതെ കർഷകരെ ചൂഷണം ചെയ്യുന്ന പ്രക്രിയക്ക് ബോർഡ് ഒത്താശചെയ്യുന്നത് അതിക്രൂരമാണെന്നും ഇൻഫാം ദേശീയനേതൃത്വം പറഞ്ഞു.

# ഐെസിസ് ഭീകരത വ്യക്തമാക്കുന്ന ലീഫ്‌ലെറ്റുകൾ കണ്ടെത്തി



ഐെസിസ് ഭീകരർ ജിഹാദിന്റെ പേരിൽ കാട്ടിക്കൂട്ടുന്ന മനുഷ്യത്വരഹിതമായ പ്രവർത്തികൾ ആരെയും ഞെട്ടിപ്പിക്കുന്നതാണ്. അവിശ്വാസികളെ ക്രൂരമായി കൊലപ്പെടുത്താൻ അവർ നൂതന മാർഗ്ഗങ്ങളാണ് അവലംബിക്കുന്നത്. എന്നാൽ അമുസ്ലീങ്ങളെ കൊല്ലുകമാത്രമല്ല തിന്നുകയും വേണമെന്നതാണ് ഐെസിസിന്റെ പ്രവർത്തനരീതിയെന്നാണ് ഏറ്റവും പുതിയ റിപ്പോർട്ടുകൾ വെളിപ്പെടുത്തുന്നത്. ഇസ്ലാമിൽ വിശ്വസിക്കാത്തവരെ കൊന്നശേഷം ഓരോ അവയവവും വേവിച്ച് തിന്നേണ്ടത് എങ്ങനെയെന്ന് പഠിപ്പിക്കുന്ന ലീഫ്‌ലെറ്റുകൾ ഐെസിസ് ക്യാമ്പിൽ നിന്ന് കണ്ടെടുത്തുവെന്നാണ് പുതിയ റിപ്പോർട്ട്.

ബ്രിട്ടീഷ് കൗണ്ടർ-ടെററിസം വിദഗ്ദ്ധ സമിതിയാണിത് സംബന്ധിച്ച ഹാൻഡ്ബുക്ക് ഐെസിസിന്റെ ട്രെയ്നിംഗ് സ്കൂളിൽ നിന്നും കണ്ടെടുത്തിരിക്കുന്നത്. ജിഹാദികളുടെ പൈശാചികമായ പുതിയ നിലപാടാണ് ഇതിലൂടെ വെളിപ്പെട്ടിരിക്കുന്നത്. അവിശ്വാസികളുടെ ശരീരത്തിന്റെ ഏത് ഭാഗങ്ങളാണ് തിന്നാൻ യോജിച്ചതെന്ന് ഇതിൽ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇവ ഭക്ഷിക്കുന്നതിനായി ഏത് വിധത്തിലാണ് തയ്യാറാക്കേണ്ടതെന്നും ഈ ഹാൻഡ്ബുക്കിൽ വിവരിച്ചിരിക്കുന്നു.

# പാക്കിസ്ഥാനിൽ ഐഎസിന്റെ ചാവേർ ബോംബ് ആക്രമണത്തിൽ 88 മരണം

കറാച്ചി: പാക്കിസ്ഥാനിലെ സിന്ധ് പ്രവിശ്യയിലെ സൂഫി ആരാധനാലയത്തിൽ ചാവേർ ബോംബ് സ്ഫോടനത്തിൽ 88 പേർ മരിച്ചു. 250 പേർക്ക് പരിക്കേറ്റു. പോലീസിനെ ഉദ്ധരിച്ച് വാർത്താ ഏജൻസികളാണ് സംഭവം റിപ്പോർട്ട് ചെയ്തത്.

സെഹ്‌വാൻ നഗരത്തിലെ ലാൽ ഷബാസ് ഖലന്ദർ സൂഫി ദേവാലയത്തിലാണു സ്ഫോടനം ഉണ്ടായത്. ആക്രമണത്തിന്റെ ഉത്തരവാദിത്വം ഇസ്ലാമിക് സ്റ്റേറ്റ് ഏറ്റെടുത്തു. ഒരാഴ്ചയ്ക്കുള്ളിൽ പാക്കിസ്ഥാനെ നടുക്കുന്ന അഞ്ചാമത്തെ ഭീകരാക്രമണമാണിത്. പള്ളിക്കകത്ത് നൂറുകണക്കിന് വിശ്വാസികൾ ഉണ്ടായിരുന്നു. സ്ഫോടനം



നടന്ന സ്ഥലത്തുനിന്ന് ഏകദേശം 40–50 കിലോമീറ്ററുകൾ അകലെയാണ് ആശുപത്രികൾ എന്നതും രക്ഷാപ്രവർത്തനത്തെ ബാധിച്ചു. സ്ത്രീകൾക്കുവേണ്ടിയുള്ള ഭാഗത്താണ് സ്ഫോടനം ഉണ്ടായതെന്നാണ് പ്രാഥമിക വിവരം.



# ഉത്തരകൊറിയ യുഎസ് സൈനിക താവളം ആക്രമിക്കാൻ പദ്ധതിയിടുന്നതായി റിപ്പോർട്ട്

സിയൂൾ: ഉത്തരകൊറിയ ജപ്പാനിലെ യുഎസ് സൈനിക താവളം ആക്രമിക്കാൻ പദ്ധതിയിടുന്നതായി റിപ്പോർട്ട്. കൊറിയൻ സെൻട്രൽ ന്യൂസ് ഏജൻസിയാണ് ഇതു സംബന്ധിച്ച വാർത്ത പുറത്തുവിട്ടത്. സൈനിക സഹകരണത്തിന്റെ ഭാഗമായി നിരവധി യുഎസ് സൈനിക താവളങ്ങൾ ജപ്പാനിലുണ്ട്.

കഴിഞ്ഞ ദിവസം മൂന്നു മിസൈലുകൾ ഉൾപ്പെടെ നാലു നിരോധിത ബാലിസ്റ്റിക് മിസൈലുകൾ ഉത്തരകൊറിയ പരീക്ഷിച്ചിരുന്നു. യുഎസിനെയും ദക്ഷിണ കൊറിയയെയും ലക്ഷ്യമിട്ടാണ് ഉത്തരകൊറിയയുടെ ആണവ മിസൈൽ പരീക്ഷണങ്ങൾ നടന്നത്.

# കൂട്ടുകെട്ടിൽ കുടുങ്ങിയ ബാല്യം

Dr. P.M. Chacko
Palakunnel
Mob: 9746085144



സുനിൽ എട്ടാം ക്ലാസ് വിദ്യാർത്ഥിയാണ്. മാതാപിതാക്കൾ ഉന്നത ഉദ്യോഗസ്ഥരായതിനാൽ രണ്ടുപേരും ജോലികഴിഞ്ഞ് തിരിച്ചുവരുമ്പോൾ നേരം വൈകും. സുനിൽ സ്കൂളിൽ നിന്നു തിരിച്ചുവന്നാൽ കൂടുതൽ സമയം തനിയെയാണ് ഇരിക്കുന്നത്. ഒരു കുട്ടി മാത്രമേയുള്ളൂ എന്ന കാരണത്താൽ മാതാപിതാക്കൾ സുനിലിൽ വലിയ പ്രതീക്ഷയാണ് അർപ്പിച്ചിരിക്കുന്നത്. വീട്ടിൽ ഇംഗ്ലീഷേ സംസാരിക്കുകയുള്ളൂ. ഇംഗ്ലീഷ് സംഭാഷണങ്ങൾ കമ്പ്യൂട്ടറിൽ വെച്ചുകൊടുക്കുകയും ഇംഗ്ലീഷ് പഠിക്കാനുള്ള സി.ഡി.കൾ വാങ്ങിക്കൊടുക്കുകയും ചെയ്യും. അമിതമായ പ്രതീക്ഷകൾ ഉള്ളതുകൊണ്ട് അവനെ നാലാം ക്ലാസ്തൊട്ട് അവധിക്കാലത്ത് നഗരത്തിൽ പേഴ്സണാലിറ്റി ഡവലപ്പ്മെന്റ് കോഴ്സുകൾക്ക് പറഞ്ഞയച്ചു. മധ്യവേനൽ അവധിക്കാലത്ത് നഗരത്തിൽ അമ്മയുടെ വൃദ്ധരായ മാതാപിതാക്കൾക്കൊപ്പം താമസിച്ചാണ് ക്ലാസുകൾക്ക് പോയിരുന്നത്. അവിടെ അവന്റെ മുറി രണ്ടാമത്തെ നിലയിലായിരുന്നു. ആ മുറിയിൽ കമ്പ്യൂട്ടറും ടിവിയും നെറ്റ്സൗകര്യവും ഉണ്ടായിരുന്നു. പിതാവ് ഇടയ്ക്കിടയ്ക്ക് ഫോണിൽ വിളിച്ച് ഇംഗ്ലീഷിൽ സംസാരിക്കാത്തതിന് വഴക്ക് പറയുകയും കൂടുതൽ പൊതുവിജ്ഞാനവസ്തുക്കൾ നെറ്റിൽനിന്ന് എടുക്കാൻ നിരന്തരം ആവശ്യപ്പെടുകയും ചെയ്യും.

ഇപ്പോൾ എട്ടാം ക്ലാസിലാണ് പഠിക്കുന്നത്. നന്നായി മാർക്ക് വാങ്ങിക്കുന്ന ആളായതിനാൽ അദ്ധ്യാപകർക്ക് അവനെ ഇഷ്ടമാണ്. ക്ലാസിൽ പൊതുവെ ശാന്തപ്രകൃതക്കാരനുമാണ്. കൂട്ടുകാർക്കും സുനിൽ പ്രിയങ്കരനാണ്. ഈയിടെയായി സുനിൽ മറ്റുകുട്ടികളുമായി അധികം ഇടപെടുന്നില്ല. കൂടുതൽ സമയം എന്തോ ആലോചിച്ചിരിക്കും. പലപ്പോഴും കൂട്ടുകാർ വിളിക്കുമ്പോഴാണ് ഞെട്ടിയുണരുക. ക്ലാസിൽ പഠിച്ചുകൊണ്ടിരിക്കുമ്പോഴും ശ്രദ്ധപതറുന്നതായി അദ്ധ്യാപകരുടെ ശ്രദ്ധയിൽപെട്ടു. അടുത്തദിവസം അവന്റെ കയ്യിൽ മൊബൈൽ ഉണ്ട് എന്ന് കൂട്ടുകാർ ടീച്ചേഴ്സിനെ അറിയിച്ചു. അവർ തിരച്ചിൽ നടത്തിയെങ്കിലും കണ്ടെത്താനായില്ല. കഴിഞ്ഞ ദിവസം പിതാവ് ജോലികഴിഞ്ഞ് വരുമ്പോൾ അയൽപക്കത്തെ ഒരാൾ അയാളെ കാത്ത് വീട്ടുപടിക്കൽ നിൽപ്പുണ്ടായിരുന്നു. മുഖവുരയൊന്നുംകൂടാതെ അയാൾ കാര്യംപറഞ്ഞു, അല്പം ദേഷ്യത്തോടെ. സാറിന്റെ മകനെന്തോ കുഴപ്പം സംഭവിച്ചിട്ടുണ്ട്. അവൻ എന്റെ വീട്ടിലെ സ്ത്രീകളുടെ അടിവസ്ത്രങ്ങൾ ഉണങ്ങാനിട്ടിരുന്നത് മോഷ്ടിച്ചുകൊണ്ടുപോകുന്നത് അവർ കണ്ടു. ഇക്കാര്യം ഞാൻ അയൽപക്കക്കാരോടു പറഞ്ഞപ്പോൾ അവർക്കും ആ അനുഭവം ഉണ്ടായെന്നും സുനിലിന്റെ മാതാപിതാക്കളെ വേദനിപ്പിക്കണ്ടായെന്നു കരുതിയാണ് അവരോട് ഇത് പറയാതിരുന്നതെന്നും പറഞ്ഞു. സമൂഹത്തിൽ നല്ല സ്ഥാനമുള്ള മാതാപിതാക്കൾക്ക് ഇത് ഒരു വലിയ ആഘാതമുണ്ടാക്കി. അമ്മ ഭക്ഷണം കഴിക്കാതെ മൂന്നുദിവസം കിടന്നു. നെറ്റിൽക്കയറി ഹിസ്റ്ററി നോക്കിയപ്പോൾ ധാരാളം അശ്ലീലചിത്രങ്ങൾ കണ്ടിട്ടുണ്ട് എന്നും ബോധ്യപ്പെട്ടു.

അവനുമായി സംസാരിച്ചപ്പോൾ അവൻ സകലതും സമ്മതിച്ചു. അഞ്ചാം ക്ലാസിലും ആറാംക്ലാസിലും പേഴ്സണാലിറ്റി ഡവലപ്പ്മെന്റ് ക്ലാസിൽ സംബന്ധിച്ചിരുന്നത് ഒരേ ക്ലാസിൽ പഠിച്ചിരുന്ന സമപ്രായക്കാരായ കുട്ടികളുടെ ഒപ്പമായിരുന്നു. എന്നാൽ ഏഴാംക്ലാസിൽ മറ്റൊരു സ്ഥാപനത്തിലാണ് പഠിക്കേണ്ടിവന്നത്. കാരണം മറ്റേ സ്കൂൾ പൂട്ടിപ്പോയിരുന്നു. പുതിയ സ്കൂളിൽ പത്താംക്ലാസിലെയും ഹയർസെക്കണ്ടറിയിലെയും കുട്ടികൾ ഉണ്ടായിരുന്നു. സുനിലിന് അവരുമായിട്ടായിരുന്നു കൂടുതൽ അടുപ്പം. ചിലപ്പോഴൊക്കെ ക്ലാസുകഴിഞ്ഞുവരുമ്പോൾ അവരുടെയൊക്കെ വീടുകളിൽ പോകുകയും ചെയ്യുമായിരുന്നു. അവരിൽ പലരും ഉദ്യോഗസ്ഥദമ്പതികളുടെ മക്കളായിരുന്നതിനാൽ അവരുടെയൊക്കെ വീട്ടിൽ പകൽ സമയത്ത് ആരും ഉണ്ടായിരുന്നില്ല. ആ വീടുകളിലിരുന്നാണ് ആദ്യമായി അശ്ലീലചിത്രങ്ങൾ കാണാൻ ആരംഭിച്ചത്. പിന്നീട് അത് പതിവായി മാറി. വീട്ടിൽവന്നശേഷവും നെറ്റിൽ നിന്ന് ചിത്രങ്ങൾ കാണുവാൻ തുടങ്ങി. മുത്തച്ഛനും മുത്തശ്ശിയും താഴത്തെ നിലയിലായിരുന്നതിനാൽ ഇതൊന്നും അവരുടെ ശ്രദ്ധയിൽ പെട്ടിരുന്നുമില്ല. അപ്പൻ വിളിക്കാനുള്ള സൗകര്യത്തിനായി അഞ്ചാംക്ലാസിൽവച്ചുതന്നെ എല്ലാ സൗകര്യങ്ങളുമുള്ള മൊബൈൽ വാങ്ങിക്കൊടുക്കുകയും ചെയ്തിരുന്നു. തന്മൂലം ചിത്രങ്ങൾ ശേഖരിക്കാൻ വളരെ എളുപ്പമായിരുന്നു. കൂടുതൽ അന്വേഷിച്ചപ്പോൾ മൊബൈലിൽ കുളിമുറിരംഗങ്ങൾ വരെയുണ്ടായിരുന്നുവെന്ന് മനസിലായി.

ഇവിടെ പ്രധാനപ്പെട്ട ഒരു കാര്യം പറയാനുള്ളത് കുട്ടികളുടെ കൂട്ടുകെട്ടുകൾ സമപ്രായക്കാരുമായി മാത്രമായിരിക്കണം എന്നതാണ്. മുതിർന്ന കുട്ടികളുമായോ മുതിർന്നവരുമായോ ഒരിക്കലും നിരന്തരം കൂട്ടുകെട്ടിലും ഒറ്റയ്ക്കുള്ള ഇടപെടലിനും അവസരം അനുവദിക്കാൻ പാടില്ല. ലൈംഗികവൈകൃതങ്ങൾക്കുള്ള

→

അവസരങ്ങൾ അങ്ങനെയാണ് സാധാരണയുണ്ടാകുക. വിശ്വസിച്ചു കുട്ടികളെ മുതിർന്നവരുടെയടുക്കൽ ഏല്പിച്ചുപോകുന്ന പല മാതാപിതാക്കളും കുട്ടികൾക്ക് ഇത്തരം അനുഭവങ്ങളുണ്ടായി എന്നത് വളരെ താമസിച്ചാണ് അറിയുക. വളരെ ഉത്തരവാദിത്വമുണ്ട് എന്നുപോലും കരുതുന്ന ഒരു വ്യക്തി മാതാപിതാക്കളാൽ സ്വഭാവരൂപവൽക്കരണത്തിനായി എല്പിക്കപ്പെട്ട കുട്ടികളെ ലൈംഗികദുരുപയോഗം ചെയ്തതും അയാൾ ഇരുപത്തെട്ട് വയസായിട്ടും സ്വവർഗ്ഗഭോഗിയായി ജീവിക്കുന്നതും എനിക്കറിയാവുന്ന കാര്യമാണ്. അതുകൊണ്ട് എത്ര വിശ്വസനീയരെന്ന് പുറമെ തോന്നിയാലും ഒരിക്കലും കുട്ടികളെ മുതിർന്ന അന്യവ്യക്തികളെ ഏല്പിക്കരുത്.

സമപ്രായക്കാരല്ലാത്തകൂട്ടുകാരും ദോഷംചെയ്യുവാനിടയുണ്ട്. തങ്ങളുടെ വളർച്ചാ കാലഘട്ടത്തിൽ നിന്ന് വളരെ ഉയരത്തിലുള്ള കൂട്ടുകാർ അവരുടെ പ്രായത്തിനനുസരിച്ചുള്ള സംഭാഷണങ്ങളും ചിലപ്പോൾ ചെയ്തികളും പ്രകടിപ്പിക്കുന്നത് അപക്വമായ മനസ്സിൽ വികലമായ സ്വഭാവങ്ങൾ സൃഷ്ടിക്കാൻ പ്രേരകമായി ഭവിക്കും. അതുകൊണ്ട് കളിസ്ഥലങ്ങളിൽ ഒരേ പ്രായക്കാരുമായി മാത്രം ഇടപെടാൻ അവസരമൊരുക്കുന്നതാണ് ഉചിതം.

മറ്റൊന്ന് മേല്പറഞ്ഞ കുട്ടി വളരെ ചെറുപ്പത്തിലേതന്നെ അശ്ലീലമാധ്യമങ്ങൾ കാണുവാനിടയായി എന്നതാണ്. കുട്ടികളുടെ ചെറുപ്രായത്തെ കോൺക്രീറ്റ് തിങ്കിങ് സ്റ്റേജെന്നോ ഇംപ്രിന്റിംഗ് സ്റ്റേജെന്നോ ഒക്കെപ്പറയാം. സാധാരണ ഇത് എട്ടുവയസ്സുവരെയാണെന്ന് പറയാറുണ്ടെങ്കിലും കുറച്ചുകൂടി മുൻപോട്ടു കടന്നുപോകാനും സാധ്യതയുണ്ട്. ആ കാലഘട്ടത്തിൽ കാണുന്ന കാര്യങ്ങൾക്ക് വ്യക്തിയാൽ വളരെയധികം സ്വാധീനം കൂടുതലുണ്ടായിരിക്കും എന്നതുകൊണ്ട് ഈ കുട്ടിയുടെ പ്രശ്നം കൂടുതൽ ഗൗരവമുള്ളതാണ്.

മാതാപിതാക്കളുടെ അമിതമായ ആഗ്രഹമാണ് ഇവിടുത്തെ മറ്റൊരു ഘടകം. കൂട്ടുകാരും മാതാപിതാക്കളുമൊക്കെയായി അടിച്ചുപൊളിച്ച് ആസ്വദിച്ച്, അമ്മയുണ്ടാക്കുന്ന നല്ല നല്ല ഭക്ഷണസാധനങ്ങൾ തിരക്കില്ലാതെ ആസ്വദിച്ച് കഴിച്ച് അച്ഛനമ്മമാരോടൊപ്പം സന്തോഷവും വിനോദവും പങ്കിട്ട് ബന്ധുക്കളേയും സന്ദർശിച്ച് സുന്ദരമായി ആസ്വദിക്കേണ്ട അവധിക്കാലം വീണ്ടും കഠിനമായ പരിശീലനപരിപാടികൾക്കായി ഉപയോഗിക്കാൻ കുട്ടിയെ നിർബന്ധിക്കുകവഴി വലിയ നഷ്ടമാണ് കുട്ടിക്ക് സംഭവിക്കുക. അവധിക്കാലത്ത് മാദ്ധ്യമവിനോദങ്ങൾ കഴിവതും കുറച്ച് സമപ്രായക്കാരുമായുള്ള പൊതുവിനോദങ്ങളും കുടുംബാംഗങ്ങളുമൊത്തുള്ള സന്തോഷവേളകൾക്കും നൽകാൻ കഴിയുന്ന വ്യക്തിത്വവികസനം ഒരു സ്ഥാപനത്തിനും നൽകാനാവില്ല എന്ന് നാം തിരിച്ചറിയണം. മേൽപറഞ്ഞ കുട്ടിയേപ്പോലെയുള്ള രക്തസാക്ഷികൾ നമ്മുടെ സമൂഹത്തിൽ ധാരാളമുണ്ട്. അതുകൊണ്ട് പെട്ടെന്ന് വളർത്താൻ ശ്രമിക്കാതെ സാവകാശം സ്വയം വളരാൻ അനുവദിക്കാം. കുട്ടികളെ അർഹിക്കുന്ന ഗൗരവത്തോടെ നമ്മുടെ നിരീക്ഷണത്തിലും പ്രോത്സാഹനത്തിലും സർവ്വോപരി സംരക്ഷണത്തിലും സ്വതന്ത്രമായി വളർത്താൻ നമുക്കു ശീലിക്കാം.

# സിബിസിഐ നേതൃത്വത്തിൽ കർദിനാൾസംഘം പ്രധാനമന്ത്രിയെ കണ്ടു



*പ്രധാനമന്ത്രി നരേന്ദ്ര മോദിയെ പാർലമെന്റിലെ ഓഫീസിൽ സന്ദർശിച്ചു ചർച്ചനടത്തുന്ന സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി, ലത്തീൻ കത്തോലിക്കാ മെത്രാൻ സമിതി പ്രസിഡന്റ് കർദിനാൾ ഓസ്‌വാൾഡ് ഗ്രേഷ്യസ്, സിബിസിഐ പ്രസിഡന്റ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ എന്നിവർ. ബിജെപി ദേശീയ നിർവാഹക സമിതി അംഗം അൽഫോൻസ് കണ്ണന്താനം സമീപം.*

ന്യൂഡൽഹി: സിബിസിഐ നേതൃത്വത്തിൽ ഇന്ത്യയിലെ മൂന്നു കർദിനാൾമാർ പ്രധാനമന്ത്രി നരേന്ദ്രമോദിയെ പാർലമെന്റിലെ ഓഫീസിൽ സന്ദർശിച്ചു. പ്രസിഡന്റ് കർദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവയുടെ നേതൃത്വത്തിൽ സീറോമലബാർ സഭ മേജർ ആർച്ച്ബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി, ലത്തീൻ കത്തോലിക്കാ മെത്രാൻസമിതി പ്രസിഡന്റ് കർദിനാൾ ഓസ്‌വാൾഡ് ഗ്രേഷ്യസ് എന്നിവരാണ് പ്രധാനമന്ത്രിയെ കണ്ടത്. യമനിൽ ഭീകരരുടെ പിടിയിലായ ഫാ.ടോം ഉഴുന്നാലിന്റെ മോചനത്തിനുള്ള നടപടികൾ ഊർജിതമാക്കണമെന്നു സംഘം പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടു. ഈ കാര്യത്തിൽ ഗവൺമെന്റ് വേണ്ടതെല്ലാം ചെയ്യുമെന്നും മാർപാപ്പായുടെ ഇന്ത്യാ സന്ദർശനത്തെ സംബന്ധിച്ച് സർക്കാരിന് വളരെ അനുകൂലമായ നിലപാടാണുള്ളതെന്നും പ്രധാനമന്ത്രി പറഞ്ഞതായി സന്ദർശനത്തിനുശേഷം സിബിസിഐ പ്രസിഡന്റ് കർദിനാൾ മാർ ക്ലീമിസ് ബാവാ പറഞ്ഞു. ഭാരതത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയിൽ ക്രൈസ്തവ സഭകൾ നൽകിക്കൊണ്ടിരിക്കുന്ന സമർപ്പണം തുടരുമെന്ന് കർദിനാൾമാർ പ്രധാനമന്ത്രിക്ക് ഉറപ്പുനൽകി.

# രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

## 71 സാമൂഹ്യസമ്പർക്കങ്ങളെ സംബന്ധിക്കുന്ന ഡിക്രി

**വെളിച്ചത്തിന്റെ മക്കൾ**-സഭയുടെ സന്താനങ്ങൾ ഉദാസീനരായി രക്ഷയുടെ വചനം തടസ്സപ്പെടുത്തുകയോ താമസിപ്പിക്കുകയോ ചെയ്യുന്നെങ്കിൽ അത് അത്യന്തം അപലപനീയമാണ്. ഇങ്ങനെയുള്ള പ്രതിബന്ധങ്ങൾ സാങ്കേതികമോ, ധനപരമോ ആയ കാരണങ്ങളാൽ ഉണ്ടാകാം. ഈ ഉപകരണങ്ങൾക്ക് അസാധാരണമായ ധനവ്യയം നേരിടുക എന്നത് സ്വാഭാവികമാണല്ലോ. അതുകൊണ്ട് പരിശുദ്ധ സൂനഹദോസ് അവരെ ഉദ്ബോധിപ്പിക്കുന്നതിതാണ്: സത്യം സംരക്ഷിക്കാനും പ്രചരിപ്പിക്കാനും മനുഷ്യസമുദായത്തിന് ക്രിസ്തീയരൂപം പകരാനും വേണ്ടി പ്രവർത്തിക്കുന്ന കത്തോലിക്കാ പത്രങ്ങൾ, മാസികകൾ, സിനിമ-റേഡിയോ-ടെലിവിഷൻ പരിപാടികൾ, പ്രക്ഷേപണകേന്ദ്രങ്ങൾ എന്നിവയെ സഹായിക്കാനും സംരക്ഷിക്കാനും അവർക്ക് കടമയുണ്ട്. അതിപൊലെതന്നെ യഥാർത്ഥ സംസ്കാരത്തിനും പ്രേഷിതവേലയ്ക്കും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ ഈ മാധ്യമങ്ങളെ ഉപയോഗപ്പെടുത്താൻവേണ്ടി തങ്ങളുടെ കഴിവും വിദഗ്ദ്ധമായ സേവനങ്ങളും നൽകി ഔദാര്യപൂർവ്വം സഹായിക്കണമെന്ന് സാമ്പത്തികശേഷിയും സാങ്കേതികപരിജ്ഞാനവുമുള്ള വ്യക്തികളോടും സംഘടനകളോടും ഈ സൂനഹദോസ് അഭ്യർത്ഥിക്കുന്നു.

**സാമൂഹ്യ സമ്പർക്കമാദ്ധ്യമദിനം**-ആശയവിനിമയ മാർഗ്ഗങ്ങളോടു ബന്ധപ്പെട്ട സഭയുടെ പ്രേഷിതവൃത്തി പൂർവ്വാധികം ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു. അതിനാൽ ലോകത്തിലുള്ള ഓരോ രൂപതയിലും മെത്രാന്റെ നിർദ്ദേശാനുസരണം പ്രതിവർഷം ഒരു ദിവസം ഇതിനായി മാറ്റിവെച്ച് പ്രത്യേകം ആചരിക്കണം. അന്ന് ഇക്കാര്യത്തിൽ തങ്ങൾക്കുള്ള ചുമതലകളെപ്പറ്റി വിശ്വാസികളെ ബോധവാന്മാരാക്കാൻ ശ്രമിക്കേണ്ടതാണ്. ഈ ഉദ്ദേശ്യശുദ്ധിക്കുവേണ്ടി പ്രാർത്ഥിക്കാനും ധനസഹായം ചെയ്യാനും അവരെ ഉദ്ബോധിപ്പിക്കുകയും വേണം. കത്തോലിക്കാലോകത്തിന് ഇക്കാര്യത്തിലുള്ള ആവശ്യങ്ങൾ സാധിപ്പാനായി സഭ തുടങ്ങുന്ന സ്ഥാപനങ്ങളുടെയും സംരംഭങ്ങളുടേയും നടത്തിപ്പിനും അഭിവൃദ്ധിക്കുംവേണ്ടി ഈ ധനശേഖരം പരിശുദ്ധമായി ഉപയോഗിക്കേണ്ടതുമാണ്.

**റോമിൽ കേന്ദ്രസ്ഥാപനം**-ആശയവിനിമയ മാർഗ്ഗങ്ങളെ സംബന്ധിച്ച് തനിക്കുള്ള അത്യുന്നതവും ശ്ലൈഹികവുമായ ചുമതല നിർവഹിക്കുന്നതിൽ മാർപാപ്പായെ സഹായിക്കാൻ തിരുസിംഹാസനത്തിന്റെ ഒരു പ്രത്യേക ഓഫീസ് ഉണ്ടായിരിക്കുന്നതാണ്.

**രൂപതയിലെ പ്രവർത്തനങ്ങൾ**-ഓരോ രൂപതയിലുമുള്ള ഈദൃശ പ്രവർത്തനങ്ങളുടെയും സംരംഭങ്ങളു



**ആശയവിനിമയ മാർഗ്ഗങ്ങളോടു ബന്ധപ്പെട്ട സഭയുടെ പ്രേഷിത വൃത്തി പൂർവ്വാധികം ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു. അതിനാൽ ലോകത്തിലുള്ള ഓരോ രൂപതയിലും മെത്രാന്റെ നിർദ്ദേശാനുസരണം പ്രതിവർഷം ഒരു ദിവസം ഇതിനായി മാറ്റിവെച്ച് പ്രത്യേകം ആചരിക്കണം.**

ടെയും മേൽനോട്ടം വഹിക്കേണ്ടത് അവിടത്തെ മെത്രാനാണ്. അദ്ദേഹംതന്നെയാണ് അവയെ പ്രോത്സാഹിപ്പിക്കേണ്ടതും പൊതുവായ പ്രേഷിതവൃത്തിയോടു ബന്ധപ്പെട്ട കാര്യങ്ങൾ നിയന്ത്രിക്കേണ്ടതും. തിരുസിംഹാസനത്തിന്റെ നേരിട്ടു കീഴിലുള്ള സന്യാസസഭകൾ നടത്തുന്ന പ്രവർത്തനങ്ങളെ ഈ നിയന്ത്രണത്തിൽ നിന്ന് ഒഴിവാക്കേണ്ടതില്ല.

**വ്യാപകമായതോതിൽ**-രാജ്യവ്യാപകമായ വിധത്തിൽ കാര്യക്ഷമമായി ഈ പ്രേഷിതവൃത്തി നിർവ്വഹിക്കാൻ ഏകീകൃതമായ ആസൂത്രിത പരിപാടിയും പരിശ്രമവുമാവശ്യമാണ്. അതുകൊണ്ട് പ്രസിദ്ധീകരണങ്ങൾ, സിനിമ, റേഡിയോ, ടെലിവിഷൻ എന്നിവയോടു ബന്ധപ്പെട്ട കാര്യങ്ങൾ നിയന്ത്രിക്കാൻ ഓരോ രാജ്യത്തും കേന്ദ്രങ്ങൾ സ്ഥാപിക്കണമെന്നും എല്ലാവിധ സഹായങ്ങളും ചെയ്തുകൊടുക്കണമെന്നും ഈ പരിശുദ്ധ സൂനഹദോസ് ആജ്ഞാപിക്കുന്നു. ഈ മാദ്ധ്യമങ്ങളുടെ വിനിയോഗം സംബന്ധിച്ച് വിശ്വാസികളിൽ ശരിയായ മനസാക്ഷി രൂപവത്കരിക്കുക, ഈ തുറകളിലുള്ള കത്തോലിക്കരുടെ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുക, അവയെ നിയന്ത്രിക്കുക എന്നീ കാര്യങ്ങളെല്ലാം ഈ കേന്ദ്രം പ്രത്യേകിച്ചും നിർവഹിക്കേണ്ടിയിരിക്കുന്നു.

ഓരോ രാജ്യത്തും ഇവയുടെ നിയന്ത്രണം ഏതാനും മെത്രാന്മാരടങ്ങിയ ഒരു കമ്മറ്റിയുടെയോ അല്ലെങ്കിൽ ഒരു നിർദ്ദിഷ്ഠ മെത്രാന്റെ കീഴിലായിരിക്കണം. കത്തോലിക്കാ തത്വങ്ങളിലും ഇത്തരം കലകളിലും വിദഗ്ദ്ധരായ അല്മായർക്കും ഈ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങളിൽ പങ്കുണ്ടായിരിക്കേണ്ടതാണ്.

(തുടരും)

LAITY VOICE




കഴിഞ്ഞ ലക്കം തുടർച്ച...

**ദൈവത്തെ *ഞങ്ങളുടെ പിതാവേ* എന്ന് വിളിച്ച് നാം പ്രാർത്ഥിക്കുന്നത് ഏതു തരത്തിലുള്ള ഐക്യത്തിന്റെയും ദൗത്യത്തിന്റെയും അരൂപിയിലാണ്?**

പിതാവിനെ *ഞങ്ങളുടെ* എന്ന് വിളിച്ച് പ്രാർത്ഥിക്കുന്നത് ജ്ഞാനസ്നാനം സ്വീകരിച്ചവരുടെ പൊതുനന്മയാണ്. അതുകൊണ്ട് തന്റെ ശിഷ്യരുടെ ഐക്യത്തിനുവേണ്ടിയുള്ള യേശുവിന്റെ പ്രാർത്ഥനയിൽ പങ്കെടുക്കുന്നത് അടിയന്തരമായ ഒരു ആഹ്വാനമായി ക്രിസ്ത്യാനിക്കനുഭവപ്പെടുന്നു. *ഞങ്ങളുടെ പിതാവ്* എന്നത് എല്ലാ മനുഷ്യരോടുംകൂടെ മനുഷ്യവംശം മുഴുവനും വേണ്ടിയുള്ള പ്രാർത്ഥനയാണ്. അങ്ങനെ എല്ലാവരും ഏക സത്യദൈവത്തെ അറിയുന്നതിനും ഐക്യത്തിലാകുന്നതിനും വേണ്ടിയാണത്.

***സ്വർഗസ്ഥനായ* എന്ന പ്രയോഗം എന്തർത്ഥമാക്കുന്നു?**

വിശുദ്ധഗ്രന്ഥപരമായ ഈ പ്രയോഗം ഒരു സ്ഥലത്തെയല്ല, മറിച്ച് ഒരവസ്ഥയെയാണ് സൂചിപ്പിക്കുന്നത്. ദൈവം സർവ്വാതിശായിയും എല്ലാറ്റിനുമുപരിയുമാണ്. ദൈവത്തിന്റെ മഹത്വവും വിശുദ്ധിയും നീതിമാന്മാരുടെ ഹൃദയത്തിലുള്ള അവിടുത്തെ സാന്നിധ്യവും സ്വർഗ്ഗസ്ഥനായ എന്ന പ്രയോഗം സൂചിപ്പിക്കുന്നു. പ്രതീക്ഷയെ ലക്ഷ്യംവെച്ചു നീങ്ങുന്ന യഥാർത്ഥ ഭവനത്തിൽ നാം ഭൂമിയിലായിരിക്കുമ്പോൾതന്നെ സ്വർഗം അഥവാ പിതാവിന്റെ ഭവനം ഉൾക്കൊള്ളുന്നുണ്ട്. *ദൈവത്തിൽ ക്രിസ്തുവിനോടുകൂടെ നിഗൂഢമായി* (കൊളോ.3:3) നാമിപ്പോൾ തന്നെ അതിലാണ് ജീവിക്കുന്നത്.

## ഏഴു യാചനകൾ

**കർത്താവിന്റെ പ്രാർത്ഥന എങ്ങനെ രചിക്കപ്പെട്ടിരിക്കുന്നു?**

പിതാവായ ദൈവത്തോടുള്ള ഏഴു യാചനകൾ കർത്തൃപ്രാർത്ഥന ഉൾക്കൊള്ളുന്നു. ആദ്യത്തെ മൂന്നെണ്ണം കൂടുതൽ ദൈവോന്മുഖമാണ്. അവ നമ്മെ അവിടുന്നിലേയ്ക്ക് നയിക്കുന്നു. സ്നേഹിക്കുന്ന വ്യക്തിയെക്കുറിച്ച് ആദ്യം ചിന്തിക്കുക സ്നേഹത്തിന്റെ പ്രത്യേകതയാണല്ലോ. നാം എന്താണ് സവിശേഷമായി അവിടുത്തോട് ചോദിക്കേണ്ടതെന്ന് അവ നിർദ്ദേശിക്കുന്നു: അവിടുത്തെ നാമത്തിൽ വിശുദ്ധീകരണം, അവിടുത്തെ രാജ്യത്തിന്റെ ആഗമനം, അവിടുത്തെ ഇഷ്ടത്തിന്റെ സാക്ഷാത്കാരം. അവസാനത്തെ നാലെണ്ണം നമ്മുടെ ദുരിതങ്ങളും പ്രതീക്ഷകളും കരുണയുടെ പിതാവിന് അർപ്പിക്കുന്നവയാണ്. നമ്മെ പോഷിപ്പിക്കാനും നമ്മോട് ക്ഷമിക്കാനും പ്രലോഭനങ്ങളിൽ നമ്മെ സഹായിക്കാനും ദുഷ്ടനിൽ നിന്ന് നമ്മെ വിമോചിപ്പിക്കാനും അവ ദൈവത്തോട് ആവശ്യപ്പെടുന്നു.

**അങ്ങയുടെ നാമം പൂജിതമാകണമേ എന്നത് എന്തർത്ഥമാക്കുന്നു?**

*ദൈവത്തിന്റെ നാമം പൂജിതമാകണമേ* എന്നത് സർവ്വോപരി അവിടുത്തെ പരിശുദ്ധനായി അംഗീകരിക്കുന്ന ഒരു സ്തുതിയാണ്. മോശയ്ക്ക് ദൈവം തന്റെ വിശുദ്ധനാമം വെളിപ്പെടുത്തി. വിശുദ്ധ ജനപദമെന്ന നിലയിൽ തന്റെ ജനം തനിക്ക് സമർപ്പിതമാകണമെന്ന് ദൈവം ആഗ്രഹിക്കുകയും ചെയ്തു. ആ ജനത്തിൽ അവിടുന്ന് വസിക്കുന്നു.

**എങ്ങനെയാണ് ദൈവത്തിന്റെ നാമം നമ്മിലും ലോകത്തിലും പൂജിതമാകുന്നത്?**

*വിശുദ്ധീകരണത്തിലേയ്ക്ക് (1.തെസ.4:7)* നമ്മെ വിളിക്കുന്ന ദൈവത്തിന്റെ നാമം പൂജിതമാകുക എന്നാൽ, മാമ്മോദീസാ സമർപ്പണത്തെ നമ്മുടെ ജീവിതം മുഴുവൻ സജീവമാക്കാൻ ആഗ്രഹിക്കുക എന്നാണർത്ഥം. കൂടാതെ, നമ്മുടെ ജീവിതവും പ്രാർത്ഥനയും വഴി ദൈവനാമം എല്ലാ മനുഷ്യരാലും അറിയപ്പെടാനും സ്തുതിക്കപ്പെടാനുംവേണ്ടി യാചിക്കുകയുമാണ്.

***അങ്ങയുടെ രാജ്യം വരേണമെ* എന്ന് പ്രാർത്ഥിക്കുമ്പോൾ എന്താണ് സഭ യാചിക്കുന്നത്?**

മഹത്വത്തിലുള്ള ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിലൂടെ ദൈവരാജ്യത്തിന്റെ അന്തിമമായ ആഗമനത്തിനുവേണ്ടിയാണ് സഭ പ്രാർത്ഥിക്കുന്ന്. മാത്രവുമല്ല, പരിശുദ്ധാത്മാവിലുള്ള മനുഷ്യരുടെ വിശുദ്ധീകരണത്തിലൂടെയും അവരുടെ സമർപ്പണത്തിലൂടെയും സുവിശേഷഭാഗ്യങ്ങൾക്കനുസരിച്ചുള്ള നീതിയുടെയും സമാധാനത്തിന്റെയും സേവനത്തിലൂടെയും ഇപ്പോൾ മുതൽ ദൈവരാജ്യം വരുന്നതിനുവേണ്ടിയും സഭ പ്രാർത്ഥിക്കുന്നു. ആത്മാവിന്റെയും വധുവിന്റെയും നിലവിളിയാണ്, ഈ യാചന: *കർത്താവായ യേശുവേ വരണമെ* (വെളി.22:20).

*പിഒസി പ്രസിദ്ധീകരിച്ച കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥത്തിൽ നിന്ന്

Published by Indian Christian Community National Council. Edited by Chev.V C Sebastian Valliamthadathil, Santhigri Residency, Palampra Kanjirapally, Kottayam Dist., India. Ph: 04828 234056, Mob: 9447355512, E-mail: chevaliersebastian@gmail.com. *Private Circulation only